# വിമലനാദം

## മൂവാറ്റുപുഴ ഭദ്രാസന ബുള്ളറ്റിൻ

2019 ഒക്ടോബർ – നവംബർ
പുസ്തകം 29, ലക്കം 4



ക്രിസ്തുമസ് പുതുവത്സരാശംസകൾ...

# ആശംസകൾ...




അത്യഭിവന്ദ്യ കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി
കെ.സി.ബി.സി പ്രസിഡന്റ്



മോസ്റ്റ്. റവ. വർഗ്ഗീസ് ചക്കാലയ്ക്കൽ
കെ.സി.ബി.സി വൈസ് പ്രസിഡന്റ്



മോസ്റ്റ്. റവ. ജോസഫ് മാർ തോമസ്
കെ.സി.ബി.സി സെക്രട്ടറി ജനറൽ



മോസ്റ്റ്. റവ. യൂഹാനോൻ മാർ തെയഡോഷ്യസ്
കെ.സി.ബി.സി ടെമ്പറൻസ് കമ്മീഷൻ
ചെയർമാൻ




നവംബർ 12–ാം തീയതി രാവിലെ മദ്ധ്യ മേഖലാ മെത്രാന്മാരുടെ ധ്യാനാവസരത്തിൽ
സെന്റ് ജോസഫ് കത്തീഡ്രൽ ദേവാലയത്തിൽ വി. കുർബാനയർപ്പിച്ച അഭിവന്ദ്യ പിതാക്കന്മാർ

# വിമലനാദം

## മൂവാറ്റുപുഴ ഭദ്രാസന ബുള്ളറ്റിൻ

പുസ്തകം 29 | ലക്കം 4 | 2019 ഒക്ടോബർ – നവംബർ


"ദാവീദിൻെറ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു ഇന്നു ജനിച്ചിരിക്കുന്നു. ഇതായിരിക്കും നിങ്ങൾക്ക് അടയാളം : പിള്ളക്കച്ചകൊണ്ട്പൊതിഞ്ഞ് പുൽത്തൊട്ടിയിൽ കിടത്തിയിരിക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കാണും." (ലൂക്കാ 2:12)


*Patron:*
**Most Rev.Dr.Yoohanon Mar Theodosius**

*Co- Patron:*
**Msgr. Cherian Chennikkara**

*Editor:*
**Fr. George Maramkandom**

*Sub-Editor*
**Fr. George Arackamyalil**

*Technical Support:*
**Bro. Paulose Pariyarath**



*Printed & Published by:*
Editor, Vimalanadam
Muvattupuzha Diocesan Centre, Mudavoor P.O., Muvattupuzha - 686 669
vimalanadam@gmail.com



# ഇടയമൊഴി

'നക്ഷത്രം കണ്ടപ്പോൾ അവർ അത്യധികം
സന്തോഷിച്ചു.' (മത്തായി 2:10)

കർത്താവിൽ പ്രിയ മക്കളേ,

സന്തോഷത്തിന്റെയും സമാധാനത്തിന്റെയും ഒരു ക്രിസ്തുമസ് കൂടി വന്നണഞ്ഞിരിക്കുകയാണല്ലോ! സന്തോഷവും സമാധാനവും ആഗ്രഹിക്കാത്തവരായി ലോകത്തിൽ ആരുണ്ട്? ഉറങ്ങുന്നതും ഉണരുന്നതും ഭക്ഷിക്കുന്നതും ജോലിചെയ്യുന്നതും വിശ്രമിക്കുന്നതുമെല്ലാം ജീവിതം സന്തോഷഭരിതമാക്കാനാണ്. ഓരോ വർഷം കഴിയുന്തോറും പുറമോടിയിലുള്ള ആഘോഷങ്ങൾ സന്തോഷത്തിന്റെ അടിസ്ഥാനമായി തെറ്റിദ്ധരിക്കപ്പെടുന്നു. അവധി ദിനങ്ങളും തിരുന്നാളുകളുമെല്ലാം വെറും ആഘോഷങ്ങളുടെ ദിനങ്ങളായി മാറ്റപ്പെടുന്നു. ക്രിസ്തുമസ് ഒരു കേവല ആഘോഷം മാത്രമാണോ? അല്ല! ദൈവത്തിന് മനുഷ്യരോടുള്ള അഗാധസ്നേഹത്തിന്റെ പ്രതീകമാണ് ക്രിസ്തുമസ്. മനുഷ്യനെ ദൈവത്തോളം ഉയർത്തുവാൻ ദൈവം മനുഷ്യനായി പിറക്കുന്നു. അതിരുകളില്ലാത്ത സ്നേഹപ്രവാഹം. മനുഷ്യന്റെ ഉയർച്ചയിലും സമാധാനത്തിലുമാണ് ദൈവം സന്തോഷിക്കുന്നത്. ക്രിസ്തുമസ് നമുക്ക് കേവല ആഘോഷങ്ങൾക്കപ്പുറം ആന്തരിക സന്തോഷത്തിന്റെ അനുഭവമാകണം. യദാർഥമായതും കലർപ്പില്ലാത്തതുമായ സന്തോഷം. ഹൃദയങ്ങളിലും സമൂഹങ്ങളിലും കുടുംബങ്ങളിലും യേശുവിന്റെ സന്തോഷം നിറയണം. കർത്താവിന്റെ ദൂതൻ ആടുകളെ രാത്രി കാത്തുകൊണ്ടിരുന്ന ഇടയന്മാരോട് പറയുന്ന വാക്കുകൾ ഏറ്റം ഹൃദ്യമാണ്. 'ദൂതൻ അവരോട് പറഞ്ഞു, ഭയപ്പെടേണ്ട, സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ

നിങ്ങളെ അറിയിക്കുന്നു. ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു ഇന്ന് ജനിച്ചിരിക്കുന്നു' (ലൂക്കാ 2.10). രക്ഷകന്റെ ജനനമാണ് സന്തോഷത്തിന് കാരണം. നമ്മിൽ രക്ഷകൻ പിറക്കുമ്പോൾ പിറവി തിരുപ്പിറവിയാകും. യഥാർഥ സന്തോഷം കെട്ടിക്കിടക്കുന്ന ജലാശയം പോലെയല്ല മറിച്ച് അനുസ്യൂതം ഒഴുകുന്ന നദി പോലെയാണ്. രോഗികളിലേക്ക്, അനാഥരിലേക്ക്, ഭവനരഹിതരിലേക്ക്, പ്രശ്നങ്ങളാൽ കലുഷിതമായ കുടുംബങ്ങളിലേക്ക് നമ്മുടെ സ്നേഹം സന്തോഷമായി ഒഴുകണം. യേശുവിന്റെ സന്തോഷത്താൽ ഹൃദയം നിറയുമ്പോൾ മാത്രമേ ഇത് സാധ്യമാകൂ. പുൽക്കൂട്ടിൽ പിറന്നവൻ പൂർണ്ണമായും തന്നെ ലോകത്തിന് നൽകി. 'ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട കാര്യമായി അവൻ പരിഗണിച്ചില്ല തന്നെത്തന്നെ ശൂന്യനാക്കികൊണ്ട് അവൻ ദാസന്റെ രൂപം സ്വീകരിച്ചു.' (ഫിലിപ്പി 2:6). എളിമപ്പെടുത്തലിലൂടെ ലഭിക്കുന്ന ഈ സന്തോഷം തേടിയാണ് പൂജാരാജാക്കന്മാർ യാത്രതിരിച്ചത്. യാത്രയിൽ പ്രതിബന്ധങ്ങൾ സാധാരണമാണ്. യഥാർഥ സന്തോഷത്തിൽ എത്തിച്ചേരാൻ താൽക്കാലിക സന്തോഷങ്ങളും പ്രശ്നങ്ങളും മാറ്റിവയ്ക്കണം. രക്ഷകനിലേക്ക് എത്തുന്നതിനുള്ള വഴി ഹൃദയ പരമാർത്ഥതയോടെ നാം കണ്ടെത്തണം. 'നക്ഷത്രം കണ്ടപ്പോൾ അവർ അത്യധികം സന്തോഷിച്ചു (മത്തായി 2:10) എന്ന തിരുവചനം അർത്ഥമാക്കുന്നതും മറ്റൊന്നല്ല.

"He is born to die." അവൻ ജനിച്ചത് മരിക്കാനാണ്. ക്രിസ്തുമസ്സിന്റെ ആഘോഷങ്ങൾക്കിടയിൽ ഈ സഹനത്തിന്റെയും ശൂന്യവൽക്കരണത്തിന്റെയും മാനങ്ങൾ നാം മറന്നുപോകുന്നു. മനുഷ്യാവതാരം തന്നെ ഒരു താഴേക്കിറങ്ങലും താഴ്മപ്പെടുത്തലുമല്ലേ? സ്വർഗ്ഗം വിട്ടിറങ്ങുന്നതും നസ്രത്തും, പുൽക്കൂടും ഒളിച്ചോട്ടവുമെല്ലാം തിരുപ്പിറവിയുടെ അവിഭാജ്യഘടകങ്ങളാണ്. നമ്മുടെ പിറന്നാൾ ഘോഷങ്ങളും വിവാഹകർമ്മങ്ങളും ജൂബിലികളും ആഡംബരങ്ങൾക്ക് വഴിമാറിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് ഒരു തിരിച്ച് നടപ്പ് അനിവാര്യമാണ്. പലയിടങ്ങളിലും കരോൾ എതിർസാക്ഷ്യമായി മാറുന്നു. പ്രകടനങ്ങൾക്കും പ്രഹസനങ്ങൾക്കും മുൻതൂക്കം നൽകുന്ന ഈ കാലഘട്ടത്തിൽ ഒരു പൊളിച്ചെഴുത്ത് നല്ലത് തന്നെ. ആഘോഷങ്ങൾക്കപ്പുറത്ത് ആരാധനയ്ക്ക് യോഗ്യനായ പൈതലിനെ കാണുവാൻ നമ്മുടെ കണ്ണുകൾക്ക് സാധിക്കണം.

സത്യപ്രകാശമായ യേശുവിനെ അനുഭവിക്കുകയും പങ്കുവയ്ക്കുകയും ചെയ്യുന്നതാകണം നമ്മുടെ ക്രിസ്തുമസ്. അനേകർക്ക് നമ്മൾ

നക്ഷത്രങ്ങളാകണം. നക്ഷത്രങ്ങളെപ്പോലെ മറ്റുള്ളവർക്ക് നമ്മൾ വഴികാട്ടികളാകണം. യഥാർഥ പ്രകാശത്തെ തിരിച്ചറിയാതെ ലോകത്തിലെ മാസ്മരികവും കണ്ണഞ്ചിപ്പിക്കുന്നതുമായ നൈമിഷിക പ്രകാശബിംബങ്ങളിൽ കുടുങ്ങിപ്പോകാതെയിരിക്കുവാൻ നാം ശ്രദ്ധിക്കണം. 'പ്രകാശം ലോകത്തിലേക്ക് വന്നിട്ടും മനുഷ്യൻ പ്രകാശത്തേക്കാൾ അധികമായി അന്ധകാരത്തെ സ്നേഹിച്ചു' (യോഹന്നാൻ 3:19) എന്ന ശ്ലീഹായുടെ വാക്കുകൾ ക്രിസ്തുമസ് ആഘോഷിക്കുമ്പോൾ നമ്മൾ വിസ്മരിക്കരുത്. നക്ഷത്രം നമുക്ക് മുമ്പേ നീങ്ങുന്നു. നമുക്കും പോകാം... അവനെ കുമ്പിട്ട് ആരാധിക്കാം.

എല്ലാവർക്കും സ്നേഹംനിറഞ്ഞ ക്രിസ്തുമസ് ആശംസകൾ...

സ്നേഹപൂർവ്വം നിങ്ങളുടെ പിതാവ്

+ Mar Theodosius

**✠ യൂഹാനോൻ മാർ തെയഡോഷ്യസ്**
മൂവാറ്റുപുഴ ഭദ്രാസന മെത്രാപ്പോലിത്താ .

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് കൂട്ടായ്മയിലും മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ അദ്ധ്യക്ഷൻ **യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്താ**യിൽനിന്നും ഭദ്രാസന ത്തിന്റെ അജപാലന പരിധിയിലുള്ള എല്ലാ വൈദികർക്കും സന്യസ്തർക്കും വിശ്വാസികളേവർക്കുംവാഴ്വ്!

Prot. No. PL 02/2019

# തിരുപ്പിറവി

വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

ശാന്തിയുടെയും സന്തോഷത്തിന്റെയും സന്ദേശവുമായി നമ്മുടെ കർത്താവിന്റെ ജനനത്തിരുന്നാൾ വീണ്ടും സമാഗതമാകുന്നു. ദൈവം മനുഷ്യനെ മാനിച്ചു മഹത്വപ്പെടുത്തിയ തിരുന്നാളാണ് ക്രിസ്തുമസ്. സ്വർഗവും ഭൂമിയുമായുള്ള അനുരഞ്ജനവും, ദൈവവും മനുഷ്യനുമായുള്ള അഭിമുഖീകരണവുമാണ് യൽദാത്തിരുന്നാളിന്റെ അന്തഃസത്ത. നിരന്തരം നമ്മോടൊത്ത് വസിക്കുന്ന ദൈവത്തിന്റെ സാന്നിധ്യത്തിന്റെ ഓർമ്മപ്പെടുത്തലാണ് ക്രിസ്തുമസ്. ആണ്ടുവട്ടത്തിന്റെ ആഹ്ലാദമായ നമ്മുടെ കർത്താവിന്റെ ജനനപ്പെരുന്നാളിലേക്ക് സഭയായി നമ്മെ ഒരുക്കുന്ന ഇരുപത്തഞ്ചു നോമ്പിലേക്ക് ഡിസംബർ 1 മുതൽ നാം പ്രവേശിക്കുകയാണല്ലോ. എല്ലാവർക്കും അനുഗൃഹീതമായ ഒരു നോമ്പുകാലം ആശംസിക്കുന്നു. നസ്രത്തിലെ കുടുംബത്തിലെന്നപോലെ നമ്മുടെ കുടുംബങ്ങളിലും കൃപ നിറയ്ക്കുന്ന ഉണ്ണിയേശുവിനെ സ്വീകരിക്കുവാൻ ഹൃദയപൂർവ്വം നമുക്ക് ഒരുങ്ങാം.

ജനസംഖ്യ രേഖപ്പെടുത്തുവാനുള്ള ചക്രവർത്തിയുടെ കല്പനയനുസരിച്ച് ഗർഭിണിയായ മറിയത്തെയുംകൂട്ടി യൗസേപ്പ് പിതാവ് ഗലീലിയായിൽനിന്ന് ബേത്‌ലഹേമിലേക്ക് യാത്ര ചെയ്യുന്ന കാഴ്ച രക്ഷാകരചരിത്രത്തിലെ അതിസുന്ദരമായ ഒരു മുഹൂർത്തമാണ്. പ്രതി

സന്ധികളെ മറന്ന്, അനുസരണവും രാജ്യസ്നേഹവും മനസിൽ സൂക്ഷിച്ചുകൊണ്ടുള്ള ഒരു കുടുംബത്തിന്റെ തീർത്ഥാടനമായി ഇതിനെ മനസിലാക്കാം. ലോകത്തിനുമുഴുവൻ സമാധാനമായ രക്ഷകന്റെ അത്ഭുതകരമായ പിറവി ആ തീർത്ഥാടനത്തിന്റെ സായൂജ്യമായി മാറി (ലൂക്കാ 2:10–14) എന്നതാണ് വസ്തുത. നമ്മുടെ കുടുംബങ്ങൾക്കും ഇത് ഉത്തമമായ നിദർശനമാണ്. പ്രതിസന്ധികളിൽ പതറാതെ, അനുസരണത്തിന്റെയും സ്നേഹത്തിന്റെയും പാതയിൽ നാം മുന്നേറിയാൽ, നന്മസ്വരൂപനായ ദൈവം നമ്മുടെ മുമ്പിൽ 'ഇമ്മാനുവേൽ' ആയി കടന്നുവരും – രക്ഷയുടെ അനുഭവത്തിൽ നമ്മുടെ കുടുംബങ്ങൾ കൃപയുടെ നീർച്ചാലുകളാകും. നിരന്തരം നാം നടത്തുന്ന യാത്രകളുടെ ആത്മീയത പരിശോധിക്കുന്നതിന് ഈ നോമ്പുകാലം നമ്മെ സഹായിക്കണം.

യൽദാപെരുന്നാളിന്റെ പ്രധാനഭാഗമായ തീ ഉഴലിച്ച ശുശ്രൂഷയുടെ സെദറായിൽ നാം ഇപ്രകാരം പ്രാർത്ഥിക്കുന്നു: "പ്രകാശങ്ങളുടെ നാഥനായ അങ്ങ്, ഉദരത്തിൽനിന്ന് സൂര്യനെപോലെ ശോഭയോടുകൂടി ഉദിക്കുകയും അങ്ങേ ശ്രേഷ്ഠ ഉദയത്താൽ സകലസൃഷ്ടികളെയും പൂർണമായി ശോഭിപ്പിക്കുകയും ചെയ്തു... ഉജ്ജ്വലപ്രകാശത്തിൽ വസിക്കുന്ന അങ്ങ് കീറ്റുശീലകളിൽ എളിയവനെപ്പോലെ പൊതിയപ്പെട്ടു." ജനനപ്പെരുന്നാളിന്റെ മുഴുവൻ സാരാംശവും ഈ പ്രാർത്ഥനയിൽ അന്തർലീനമാണ്. അവിടുന്ന് വെളിച്ചംതന്നെയാണ് (യോഹ 8:12). വെളിച്ചത്തിന്റെ സ്രഷ്ടാവും അവിടുന്നുതന്നെ (ഉല്പ 1:3). സൂര്യനും ചന്ദ്രനും, നക്ഷത്രങ്ങളും, മിന്നാമിനുങ്ങും, മൺവിളക്കും ആദ്യവെളിച്ചത്തിന്റെ ചെറുകിരണങ്ങൾ മാത്രം. എല്ലാത്തിനേയും, എല്ലാവരേയും പ്രകാശിപ്പിക്കുവാൻ കഴിവുള്ള "പ്രകാശത്തിൽ വസിക്കുന്ന പ്രകാശമാണ്" അവിടുന്ന്. തൊട്ടാൽ സർവതും കത്തിചാമ്പലാകുന്ന ആ ഉജ്ജ്വലപ്രകാശമാണ് കന്യകയിലേക്ക് താണിറങ്ങിവന്നതും, ശീലകളിൽ പൊതിയപ്പെട്ടതും, മനുഷ്യ വംശത്തിന്റെ മുഴുവൻ രക്ഷയായി തീർന്നതും. ഈ പ്രകാശത്തെയാണ് ആട്ടിടയന്മാരും, വിദ്വാന്മാരും പുൽക്കൂട്ടിൽ ദർശിച്ചത്. എത്ര വലിയ വൈരുദ്ധ്യമാണിത്. കാണാനും തൊടുവാനും സാദ്ധ്യമല്ലാത്ത അപരിമേയനായവൻ മനുഷ്യന് പരിചിതനും സമീപസ്ഥനുമാകുന്നു. ആ മഹാഅത്ഭുതത്തിന്റെ പേരാണ് ക്രിസ്തുമസ്.

പ്രിയ സഹോദരങ്ങളേ, വെളിച്ചത്തിന്റെ ഉദയവും ഉത്സവവുമാണ് യൽദാതിരുന്നാൾ. ഏശയ്യായുടെ വാക്കുകളിൽ "ഉണർന്ന് പ്രശോഭിക്കുക. നിന്റെ പ്രകാശം വന്നുചേർന്നിരിക്കുന്നു. കർത്താവിന്റെ മഹത്വം

നിന്റെമേൽ ഉദിച്ചിരിക്കുന്നു" (60:1). ഈ വെളിച്ചത്തെയാണ് നമുക്ക് സാക്ഷ്യപ്പെടുത്താനുള്ളത്. ഈ വെളിച്ചമാണ് നമ്മുടെ മുഖത്തും ജീവിതങ്ങളിലും കുടുംബങ്ങളിലും നിറയേണ്ടത്. നിർഭാഗ്യവശാൽ പാപത്തിന്റെ അന്ധകാരം ഇന്ന് നമ്മുടെ വ്യക്തിജീവിതങ്ങളെയും കുടുംബങ്ങളെയും, സമൂഹത്തെയും വല്ലാതെ ഗ്രസിച്ചിരിക്കുന്നു. വിദ്വേഷവും വിഭാഗീയതയും, ആഢംബരഭ്രമവും ഒരുവശത്ത്. മറുവശത്ത്, ഭീകരതയും വർണവിവേചനവും ചേരിതിരിഞ്ഞുള്ള ഹിംസകളും. റാമായിലെ റാഹേലിനെപ്പോലെ ജീവനുവേണ്ടി അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും നിലവിളികൾ ഇന്നും അലയടിക്കുന്നു. എതിർ സാക്ഷ്യങ്ങളുടെ സംഖ്യ എല്ലാമേഖലകളിലും വർദ്ധിച്ചുവരുന്നു. യൗസേപ്പും മറിയവും ഉണ്ണിയേശുവിനെ വഹിച്ച് ഈജിപ്തിലേക്ക് പാലായനം നടത്തിയതുപോലെ നിരവധി ഒഴിവാക്കലുകളും ഒളിച്ചോട്ടങ്ങളും സമൂഹത്തിൽ സാധാരണമാകുന്നു. നമ്മുടെ കർത്താവ് ജനിച്ച ഭൂപ്രദേശങ്ങളിൽ അതിന്റെ തീവ്രത ഏറെ ഭീതിജനകമത്രെ. നമ്മെ സംബന്ധിച്ച് ഈ ക്രിസ്തുമസ് ഒരു തിരിച്ചുവരവിന്റെ കാലമായിത്തീരണം. പൗലോസ് അപ്പസ്തോലന്റെ വാക്കുകളിൽ "അന്ധകാരത്തിന്റെ പ്രവൃത്തികൾ പരിത്യജിച്ച് നമുക്ക് പ്രകാശത്തിന്റെ ആയുധം ധരിക്കാം. പകലിന് യോജിച്ചവിധം പെരുമാറാം" (റോമാ 13:12). ധ്യാനപൂർവകമായ വചനവായനയും, ഭക്തിപൂർണമായ കൗദാശികജീവിതവും തുറന്ന മനസോടുകൂടിയ കാരുണ്യപ്രവൃത്തികളും പ്രകാശത്തിന്റെ പാതയിൽ നടക്കുവാൻ നമ്മെ സഹായിക്കുമെന്നതിന് സംശയമില്ല.

യേശുവിന്റെ ജനനം സകലജനത്തിനും ലോകത്തിനും മുഴുവനുമായുള്ള ഒരു സദ്വാർത്തയായിരുന്നു (ലൂക്കാ 2:10). അതിനാൽതന്നെ, അത് അറിഞ്ഞവർ പരസ്പരം കൈമാറ്റം ചെയ്യണം. തലമുറകളുടെ അവകാശമാണത്. പങ്കുവയ്ക്കപ്പെടുന്നില്ലെങ്കിൽ അത് ലോകത്തോടും മനുഷ്യസമൂഹത്തോടും നാം കാട്ടുന്ന അനീതിയായിരിക്കുമെന്നുള്ളതിന് സംശയമില്ല. പുൽക്കൂട്ടിലേക്ക് കടന്നുവന്ന ആട്ടിടയന്മാരും വിദ്വാന്മാരുമെല്ലാം മിഷണറിമാരായിട്ടാണ് തിരികെപ്പോയത്. "അവർ മറിയത്തെയും ജോസഫിനെയും, പുൽത്തൊട്ടിയിൽ കിടക്കുന്ന ശിശുവിനെയും കണ്ടു. അനന്തരം ശിശുവിനെക്കുറിച്ച് തങ്ങളോട് പറയപ്പെട്ട കാര്യങ്ങൾ മറ്റുള്ളവരെ അവർ അറിയിച്ചു (ലൂക്കാ 2:16-17). ഇതേ ദൗത്യമാണ് നമ്മിലും നിക്ഷിപ്തമായിരിക്കുന്നത്. മാമോദിസായിലൂടെ, കൂദാശകളിലൂടെ, വചനത്തിലൂടെ, നാം അനുഭവിച്ചറിഞ്ഞ ഈ 'രക്ഷയുടെ സദ്വാർത്ത'യെ മറ്റുള്ളവരുമായി നാം പങ്കുവയ്ക്കണം. പ്രായഭേദമന്യേ എല്ലാവരും ഇതിന് ബാദ്ധ്യസ്ഥരാണ്. നോമ്പിന്റെ ഇരു

പത്തിയഞ്ചുദിനങ്ങളും, യൽദാത്തിരുന്നാളും ഒരു 'മിഷനറി' കുടുംബമായി നമ്മുടെ കുടുംബങ്ങളെ രൂപപ്പെടുത്തുവാൻ സഹായിക്കണം. കുടുംബങ്ങൾ പ്രേഷിതചൈതന്യത്തിൽ നിറയുമ്പോൾ അവ ദൈവാലയങ്ങളാകും. 'വീടുകൾ' ദൈവഭവനങ്ങളാകും. കുടുംബത്തിലെ ഓരോ അംഗങ്ങളും 'അയയ്ക്കപ്പെട്ടവരാകും'. നമ്മുടെ ഭദ്രാസനം അടുത്ത അഞ്ചുവർഷങ്ങൾ ഇപ്രകാരമുള്ള ഒരു പ്രേഷിതനിയോഗത്തിനായി മാറ്റിവയ്ക്കുകയാണെന്നുള്ള വിവരം ഏവരേയും ഞാൻ സന്തോഷത്തോടെ അറിയിക്കുന്നു. അങ്ങനെ നമ്മുടെ തീവ്രമായ പ്രാർത്ഥനയും പ്രവർത്തനവുംവഴി അനേകമക്കൾ രക്ഷയുടെ ഈ സദ്വാർത്ത അറിയുവാൻ ഇടയാകട്ടെ.

ക്രിസ്തുമസിന്റെയും പുതുവത്സരത്തിന്റെയും മംഗളങ്ങൾ മുൻകൂട്ടി ഏവർക്കും ഞാൻ ആശംസിക്കുന്നു. നമ്മുടെ വൈദികരെയും, സന്യസ്തരെയും, കുടുംബങ്ങളെയും പ്രേഷിതചൈതന്യത്തിലും, സമാധാനത്തിലും, ആരോഗ്യത്തിലും, സർവശക്തനായ ദൈവം ഏറ്റം സമീപസ്ഥനായിരുന്ന് സംരക്ഷിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. വിനയത്തോടും, വിശുദ്ധിയോടും നോമ്പിലേക്ക് നമുക്ക് പ്രവേശിക്കാം. ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

ആയത്, ദൈവമാതാവും നമ്മുടെ ഭദ്രാസനത്തിന്റെ സ്വർഗീയ മധ്യസ്ഥയുമായ പരിശുദ്ധ കന്യകാമറിയത്തിന്റെയും, ഭാരതത്തിന്റെ അപ്പസ്തോലൻമാർ തോമാശ്ലീഹായുടെയും, സകല പരിശുദ്ധരുടെയും, ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെയും മാദ്ധ്യസ്ഥം നമുക്ക് കോട്ടയായിരിക്കട്ടെ.

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി

+ Mar Theodosius

**✠ യൂഹാനോൻ മാർ തെയഡോഷ്യസ്**
മൂവാറ്റുപുഴ ഭദ്രാസനമെത്രാപ്പോലിത്താ.

20.11.2019
മൂവാറ്റുപുഴ അരമന

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ....
കൃപ നിറഞ്ഞ മറിയമേ...
പിതാവിനും പുത്രനും...

# സഭാവാർത്തകൾ

## മലങ്കര കത്തോലിക്കാ സഭയുടെ പൂനാ–കട്കി എക്സാർക്കേറ്റ് ഭദ്രാസനമായി ഉയർത്തി.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പൂന–കട്കി സെന്റ് എഫ്രേം എക്സാർക്കേറ്റ് ഫ്രാൻസിസ് മാർപാപ്പ ഭദ്രാസനമായി ഉയർത്തി. നിലവിലെ എക്സാർക്കേറ്റ് അധ്യക്ഷൻ ബിഷപ് ഡോ. തോമസ് മാർ അന്തോണിയോസ് പുതിയ ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തയാകും. മലങ്കര കത്തോലിക്കാ സഭയുടെ എപ്പിസ്കോപ്പൽ സുന്നഹദോസ് ഇതു സംബന്ധിച്ച ശുപാർശ മാർപാപ്പയ്ക്ക് നൽകിയിരുന്നു. ഈ പ്രഖ്യാപനം പൂന–കട്കി സെന്റ് മേരീസ് കത്തീഡ്രലിൽ മേജർ ആർച്ചു ബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ ഇന്ന് (ശനി) വൈകിട്ട് 4.30–ന് നിർവഹിച്ചു. റോമിലും പ്രാദേശിക സമയം ഉച്ചക്ക് 12–ന് പ്രഖ്യാപനം നടന്നു. തെക്കേ ഇന്ത്യയിലെ ആന്ധ്രാപ്രദേശ്, തെലങ്കാന എന്നിവയ്ക്കു പുറമേ മഹാരാഷ്ട്ര, ഗോവ എന്നീ സംസ്ഥാനങ്ങളും കർണാടക, തമിഴ്നാട് എന്നിവയുടെ ചില പ്രദേശങ്ങളും ഉൾപ്പെടുന്നതാണ് പുതിയ ഭദ്രാസനം. വിവിധ പട്ടണങ്ങളിലായി 33 ഇടവകകളും വിവിധ മിഷൻ സെന്ററുകൾ ഉൾപ്പെട്ട 8 മിഷൻ മേഖലകളുമാണ് പുതിയ ഭദ്രാസനത്തിനുള്ളത്. 32 വൈദികരും, ബഥനി മേരി മക്കൾ സന്യാസിനി ഭവനങ്ങളും ഭദ്രാസനത്തിൽ പ്രവർത്തിക്കുന്നു. പ്രധാനമായും വിദ്യാഭ്യാസം, ആരോഗ്യം, ജീവകാരുണ്യം, സാമൂഹ്യ വികസനം എന്നീ മേഖലകളിൽ ഭദ്രാസനം അതിന്റെ പ്രവർത്തനങ്ങൾ കേന്ദ്രീകരിച്ചിട്ടുണ്ട്. വിവിധ ഇടങ്ങളിൽ സീനിയർ സെക്കൻഡറി സ്കൂളുകളും, സെക്കന്ററി, പ്രൈമറി സ്കൂളുകളും പ്രവർത്തിക്കുന്നു. ഭദ്രാസനത്തിന്റെ സാമൂഹ്യ സേവന വിഭാഗമായ സേവാ വിവിധ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

ഭദ്രാസന അധ്യക്ഷനായ ബിഷപ് ഡോ. തോമസ് മാർ അന്തോണിയോസ് ബഥനി ആശ്രമാംഗവും തിരുവനന്തപുരം മേജർ അതിരൂപതയിൽ അടൂർ ഇടവകാംഗവുമാണ്. നേരത്തെ സഭയുടെ ആസ്ഥാനമായ കാതോലിക്കേറ്റ് സെന്ററിൽ കൂരിയാ മെത്രാനായിരുന്നു. കാനൻ നിയമത്തിൽ ഡോക്ടറേറ്റ് നേടിയിട്ടുണ്ട്. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ നാമകരണ നടപടിക്കുള്ള പോസ്റ്റുലേറ്റർ, സഭാ കാര്യാലയത്തിന്റെ ചാൻസിലർ തുടങ്ങി വിവിധ ചുമതലകൾ നിർവഹിച്ചിട്ടുണ്ട്.

## ദ്വിതീയ സഭാ അസംബ്ലി

മലങ്കര സുറിയാനി കത്തോലിക്ക സഭാ ദ്വിതീയ അസംബ്ലി "കൃപ നിറയുന്ന കുടുംബങ്ങൾ" എന്ന വിഷയത്തെ ആസ്പദമാക്കി സഭയുടെ ആസ്ഥാനമായ പട്ടം കാതോലിക്കേറ്റ് സെന്ററിൽ 2019 നവംബർ മാസം 8, 9 തീയതികളിൽ നടത്തപ്പെട്ടു. 8–ാം തീയതി രാവിലെ 10 മണിക്ക് അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാബാവ ദ്വിതീയ സഭാ അസംബ്ലി ഉദ്ഘാടനം ചെയ്തു. ഒരു സഭയായി നാം വളരേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ചു കുടുംബങ്ങളിൽ കൃപ തടയപ്പെടുന്ന പാപസാഹചര്യങ്ങൾ തിരിച്ചറിഞ്ഞും അവയെ മാറ്റി നിർത്തേണ്ടതിന്റെ പ്രയോഗികതയെ സംബന്ധിച്ചും ബാവാ തിരുമേനി ഓർമിപ്പിച്ചു. സുവിശേഷ മൂല്യങ്ങളിൽ കുടുംബം വളരുമ്പോൾ അവിടെ കൃപ നീർച്ചാലായി ഒഴുകുമെന്ന് ബാവാ തിരുമേനി ഉദ്ബോധിപ്പിച്ചു.

അത്യഭിവന്ദ്യ കാതോലിക്കാബാവായുടെ അധ്യക്ഷതയിൽ നടന്ന അസംബ്ലിയിൽ മെത്രാപ്പോലീത്തൻ ആർച്ച് ബിഷപ് ഡോ. തോമസ് മാർ കൂറിലോസ്, അഭിവന്ദ്യരായ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ഡോ. ജോസഫ് മാർ തോമസ്, ഡോ. ജേക്കബ് മാർ ബർണബാസ്, ഡോ. വിൻസെന്റ് മാർ പൗലോസ്, ഡോ. സാമുവൽ മാർ ഐറേനിയോസ്, ഡോ. തോമസ് മാർ യൗസേബിയൂസ്, ഡോ. ഫിലിപ്പോസ് മാർ സ്തേഫാനോസ്, ഡോ. ഗീവർഗീസ് മാർ മക്കാറിയോസ്, ഡോ. യൂഹാനോൻ മാർ തെയഡോഷ്യസ്, ഡോ. തോമസ് മാർ അന്തോണിയോസ്, യൂഹാനോൻ മാർ ക്രിസോസ്റ്റം എന്നീ മെത്രാപ്പോലീത്തമാരും, വിവിധ ഭദ്രാസനങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട വൈദിക, സന്യസ്ത, അൽമായ പ്രതിനിധികൾ ഉൾപ്പെടെ 202 പേർ സംബന്ധിച്ചു.

## ആർച്ച്ബിഷപ് ബെനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവിന്റെ 25–ാം ഓർമ്മപ്പെരുന്നാൾ

ആർച്ച്ബിഷപ് ബെനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവിന്റെ 25–ാം ഓർമ്മപ്പെരുന്നാൾ 2019 ഒക്ടോബർ 10–ാം തീയതി തിരുവനന്തപുരം പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ ആചരിച്ചു. രാവിലെ 7 മണിക്ക് മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാബാവായുടെ മുഖ്യകാർമികത്വത്തിൽ നടന്ന സമൂഹബലിയിൽ ആർച്ച്ബിഷപ് ഡോ. തോമസ് മാർ കൂറിലോസ്, ബിഷപ്പുമാരായ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ഡോ. ജോസഫ് മാർ തോമസ്, ഡോ. ജേക്കബ് മാർ ബർണബാസ്, ഡോ. വിൻസെന്റ് മാർ പൗലോസ്, ഡോ. സാമുവൽ മാർ ഐറേനിയോസ്, ഡോ. തോമസ് മാർ യൗസേബിയൂസ്, ഡോ. ഫിലിപ്പോസ് മാർ സ്തേഫാനോസ്, ഡോ. ഗീവർഗീസ് മാർ മക്കാറിയോസ്, ഡോ. യൂഹാനോൻ മാർ തെയഡോഷ്യസ്, ഡോ. തോമസ് മാർ അന്തോണിയോസ്,

യൂഹാനോൻ മാർ ക്രിസോസ്റ്റം, തിരുവനന്തപുരം ലത്തീൻ രൂപത സഹായ മെത്രാൻ ക്രിസ്തുദാസ് എന്നിവർ സഹകാർമികരായിരുന്നു. തുടർന്ന് കബറിടത്തിൽ നടന്ന അനുസ്മരണ ചടങ്ങിൽ ശാന്തിഗിരി ആശ്രമം ജനറൽ സെക്രട്ടറി ഗുരുരത്ന ജ്ഞാന തപസി, മന്ത്രിമാരായ കടകംപള്ളി സുരേന്ദ്രൻ, കടന്നപ്പള്ളി രാമചന്ദ്രൻ, കെ. രാജു, പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, തിരുവനന്തപുരം മേയർ വി.കെ. പ്രശാന്ത് എന്നിവരടക്കം വിവിധ രാഷ്ട്രീയ നേതാക്കന്മാർ, ചീഫ് സെക്രട്ടറി ടോം ജോസ്, ഡിജിപി ലോക്നാഥ് ബെഹ്റ, കലാ –സാംസ്കാരിക രംഗത്തെ പ്രമുഖർ എന്നിവർ പങ്കെടുത്ത് പുഷ്പാഞ്ജലി അർപ്പിച്ചു.

## കൊയ്നോണിയ (KMCT)

മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ ദൈവ ശാസ്ത്ര കമ്മീഷന്റെ ആഭിമുഖ്യത്തിൽ സഭയിലെ ദൈവ ശാസ്ത്ര പണ്ഡിതന്മാരുടെ മീറ്റിംഗ് **കൊയ്നോണിയ** പട്ടം കാതോലിക്കേറ്റ് സെന്ററിൽ 2019 നവംബർ 14–ാം തീയതി രാവിലെ 9 മണി മുതൽ ഉച്ചകഴിഞ്ഞു 4 മണി വരെ നടത്തപ്പെട്ടു. സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ളീമിസ് കാതോലിക്കാ ബാവാ തിരി തെളിച്ച് ഔദ്യോഗികമായി സമ്മേളനം ഉദ്ഘാടനം ചെയ്തു. ദൈവശാസ്ത്ര സിനഡൽ കമ്മീഷന്റെ അദ്ധ്യക്ഷൻ അഭിവന്ദ്യ ഏബ്രഹാം മാർ ജൂലിയോസ് തിരുമേനി അധ്യക്ഷത വഹിച്ചു. സഭൈക്യവും സഭാവിജ്ഞാനീയവും എന്ന വിഷയത്തെ ആസ്പദമാക്കി ബഹു. എം. ഒ. ജോൺ അച്ചൻ, ബഹു. ഡോ. കുര്യാക്കോസ് മൂലയിൽ കോറെപ്പിസ്കോപ്പാ എന്നിവർ ക്ലാസുകൾ നയിച്ചു. സെമിനാരിയുടെ സിനഡൽ കമ്മീഷന്റെ അദ്ധ്യക്ഷനും മാർത്താണ്ഡം ഭദ്രാസനാധ്യക്ഷനുമായ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് തിരുമേനി സമാപനസന്ദേശം നൽകി. ദൈവശാസ്ത്ര സിനഡൽ കമ്മീഷൻ സെക്രട്ടറി റവ. ഡോ. മത്തായി കടവിൽ ഒ.ഐ.സി. എല്ലാവർക്കും സ്വാഗതം അർപ്പിക്കുകയും മീറ്റിംഗിന് നേതൃത്വം നൽകുകയും ചെയ്തു. മലങ്കര സുറിയാനി കത്തോലിക്ക സഭയിലെ 50 ഓളം ദൈവശാസ്ത്ര പണ്ഡിതർ സെമിനാറിൽ പങ്കെടുത്തു.

## ജസ്റ്റീഷ്യ 2019

മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ ജുഡീഷ്യൽ വികാരിമാരുടെ സമ്മേളനം (**Justicia 2019**) 2019 നവംബർ 21, 22 തീയതികളിൽ പട്ടം കാതോലിക്കേറ്റ് സെന്ററിൽ നടന്നു. മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാബാവാ ഉദ്ഘാടനം നിർവഹിച്ചു. വിവിധ ഭദ്രാസനങ്ങളിലെ വികാരി ജനറാൾമാർ, ചാൻസിലർമാർ, ജുഡീഷ്യൽ വികാരിമാർ, കാനൻ നിയമ വിദഗ്ധർ എന്നിവർ ഇതിൽ സംബന്ധിച്ചു. റവ. ഡോ. മൈക്കിൾ വട്ടപ്പാലം, റവ. ഡോ. ജോർജ് തോമസ് തുടങ്ങിയവർ ക്ലാസുകൾ നയിച്ചു. മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ ട്രൈബ്യൂണലിന്റെ പ്രസി

ഡന്റ് വെരി റവ. ഡോ. വർഗീസ് മനക്കലേട്ട് സമ്മേളനത്തിന് നേതൃത്വം നൽകി.

## സഭാതല സുവിശേഷസംഘം

മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ സുവിശേഷസംഘത്തിൽ കൈവയ്പ് സ്വീകരിച്ച 6–ാം ബാച്ച് അംഗങ്ങളുടെ സംഗമം പട്ടം കാതോലിക്കേറ്റ് സെന്ററിൽ 2019 നവംബർ 9, 10 തീയതികളിൽ നടത്തപ്പെട്ടു. ക്ലാസുകൾ, പങ്കുവയ്ക്കൽ, കുമ്പസാരം, ധ്യാനം തുടങ്ങിയവ ഉൾപ്പെടുത്തിയ സംഗമത്തിന് റവ. ഫാ. ആന്റണി കാക്കനാട്ട്, റവ. ഫാ. ആന്റണി കല്ലിൽ ഒ.ഐ.സി., സി. മേരി പ്രസാദ് എന്നിവർ നേതൃത്വം നൽകി. വിവിധ ഭദ്രാസനങ്ങളിൽനിന്ന് 50 പേർ സംബന്ധിച്ചു.

## പാസ്റ്ററൽ ട്രെയിനിംഗ് 2019

മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ ഡീക്കന്മാർക്കുവേണ്ടി നടത്തപ്പെടുന്ന പാസ്റ്ററൽ ട്രെയിനിംഗ് 2019 ഒക്ടോബർ 29 മുതൽ നവംബർ 3 വരെ പട്ടം കാതോലിക്കേറ്റ് സെന്ററിൽ നടന്നു. വിവിധ ഭദ്രാസനങ്ങളിൽനിന്നും ബഥനി സന്യസ്തസമൂഹത്തിൽ നിന്നുമായി 33 ഡീക്കന്മാർ പരിശീലനത്തിൽ പങ്കെടുത്തു. പത്തനംതിട്ട ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് തിരുമേനി ആമുഖസന്ദേശം നൽകി. മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാബാവാ, അഭിവന്ദ്യരായ യൂഹാനോൻ മാർ ക്രിസോസ്റ്റം, ജോഷ്വാ മാർ ഇഗ്നാത്തിയോസ്, വിൻസെന്റ് മാർ പൗലോസ്, യൂഹാനോൻ മാർ തെയഡോഷ്യസ് എന്നീ പിതാക്കന്മാരും വിവിധ വിഷയങ്ങളിൽ പ്രഗത്ഭരായ വ്യക്തികളും ക്ലാസുകൾക്ക് നേതൃത്വം നൽകി.

# ഭദ്രാസന വാർത്തകൾ

## അഭിവന്ദ്യ പിതാക്കന്മാരുടെ ധ്യനത്തിന് മൂവാറ്റുപുഴ രൂപത ആതിഥേയത്വം വഹിച്ചു

കേരള കത്തോലിക്കാ സഭയിലെ മധ്യമേഖലാ മെത്രാൻമാരുടെ ധ്യാനം 2019 നവംബർ 11, 12 തീയതികളിൽ മൂവാറ്റുപുഴ അരമനയിൽവച്ച് നടത്തപ്പെട്ടു. 11–ാം തീയതി വൈകിട്ട് 7 മണിക്ക് അരമന ചാപ്പലിൽ നടന്ന സന്ധ്യാപ്രാർത്ഥനയോടെ ആരംഭിച്ച ധ്യാനത്തിന് മൂവാറ്റുപുഴ ലൊറേറ്റോ ആശ്രമത്തിലെ നൊവിസ് മാസ്റ്റർ ബഹു. തോമസ് കാഞ്ഞിരക്കോണം OFM Cap. അച്ചൻ നേതൃത്വം നൽകി. 12–ാം തീയതി ചൊവ്വാഴ്ച്ച രാവിലെ 6.30–ന് തിരുവല്ലാ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. തോമസ് മാർ കൂറിലോസ് തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ മൂവാറ്റുപുഴ സെന്റ്

ജോസഫ് കത്തീഡ്രൽ ദൈവാലയത്തിൽ അഭിവന്ദ്യ പിതാക്കൻമാർ സീറോ മലങ്കര ക്രമത്തിൽ വി. കുർബാന അർപ്പിച്ചു. ധ്യാനത്തിന്റെ സമാപനത്തിൽ വന്ദ്യ പിതാക്കൻമാർ അരമനയുടെ കൗൺസിൽ ഹാളിൽ സമ്മേളിക്കുകയും കാലിക പ്രാധാന്യമുള്ള വിഷയങ്ങളെക്കുറിച്ച് ചർച്ച നടത്തുകയും ചെയ്തു.

വന്ദ്യപിതാക്കൻമാർക്ക് ആതിഥ്യമരുളുന്നത് മൂവാറ്റുപുഴ രൂപതയ്ക്ക് ഏറ്റം സന്തോഷകരവും അഭിമാനകരവുമാണെന്ന് രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്ത തന്റെ സ്വാഗത പ്രസംഗത്തിൽ എടുത്ത് പറഞ്ഞു. രൂപതാകാര്യാലയത്തിൽ വച്ച് ആദ്യമായി നടത്തപ്പെട്ട അഭിവന്ദ്യ പിതാക്കന്മാരുടെ ധ്യാനത്തിൽ വിവിധ രൂപതകളിൽ നിന്നായി 17 പിതാക്കൻമാർ സംബന്ധിച്ചു. അടുക്കും ചിട്ടയുമുള്ള ക്രമീകരണത്തിന്, ധ്യാനാത്മകമായ അന്തരീക്ഷത്തിന്, രുചികരമായ ഭക്ഷണത്തിന്, സ്നേഹോഷ്മളമായ സ്വികരണത്തിന് രൂപതാദ്ധ്യക്ഷനെയും വികാരി ജനറാൾ മോൺ. ചെറിയാൻ ചെന്നിക്കരയെയും ഒരുമയോടെ പ്രവർത്തിച്ച വൈദികരെയും സിസ്റ്റേഴ്സിനെയും സെമിനാരി വിദ്യാർത്ഥികളെയും ആത്മാർഥതയോടെ സേവനം ചെയ്ത മറ്റെല്ലാവരെയും എല്ലാ പിതാക്കൻമാർക്കും വേണ്ടി അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്ത തന്റെ സ്വതസിദ്ധമായ ശൈലിയിൽ അഭിനന്ദിക്കുകയും നന്ദി പറയുകയും ചെയ്തു.

അഭിവന്ദ്യരായ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത, മാർ ജോസഫ് പെരുന്തോട്ടം, മാർ ജോർജ്ജ് പുന്നക്കോട്ടിൽ, മാർ മാത്യു ആനിക്കുഴിക്കാട്ടിൽ, ഏബ്രഹാം മാർ ജൂലിയോസ്, മാർ മാത്യു അറയ്ക്കൽ, ജോഷ്വാ മാർ ഇഗ്നാത്തിയോസ്, മാർ ജോസഫ് കല്ലറങ്ങാട്ട്, സാമുവൽ മാർ ഐറേനിയോസ്, സെബാസ്റ്റ്യൻ തെക്കത്തച്ചേരിൽ, മാർ സിൽവസ്റ്റർ പൊന്നുമുത്തൻ, ജോർജ്ജ് മഠത്തിക്കണ്ടത്തിൽ, മാർ ജെയിംസ് ആനപ്പറമ്പിൽ, മാർ ജോൺ നെല്ലിക്കുന്നേൽ, മാർ ജേക്കബ് മുരിക്കൻ, മാർ ജോസ് പുളിക്കൽ, യൂഹാനോൻ മാർ തെയഡോഷ്യസ് എന്നീ മെത്രാപ്പോലീത്തമാർ ധ്യാനത്തിൽ പങ്കെടുത്തു.

## വിവിധ ഡിപ്പാർട്ട്മെന്റ് ഡയറക്ടർമാരുടെയും ഭാരവാഹികളുടെയും യോഗം

ഒക്ടോബർ 23, 2019 ൽ മൂവാറ്റുപുഴ രൂപതാ കാര്യാലയത്തിൽ രൂപതാദ്ധ്യക്ഷൻ അഭി. യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ 2020 വർഷത്തേക്കുള്ള രൂപതാ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാനുള്ള ചർച്ച സംഘടിപ്പിക്കപ്പെട്ടു. വി. ഗ്രന്ഥ പാരായണത്തിനും അഭി. പിതാവിന്റെ പ്രാർത്ഥനയ്ക്കും ശേഷം രുപതാ വികാരി ജനറാൾ മോൺ.ചെറിയാൻ ചെന്നിക്കര എല്ലാവർക്കും സ്വാഗതം ആശംസിച്ചു. രൂപതയുടെ ആത്മീയ വളർച്ചയ്ക്ക് പ്രേഷിത മേഖലകളുടെ

ഏകോപനം ഏറ്റം ആവശ്യമാണന്ന് സ്വാഗത പ്രസംഗത്തിൽ വികാരി ജനറാൾ പറഞ്ഞു.

ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ പ്രേഷിത ദർശനം രൂപതയുടെ സംഘടനാ പ്രവർത്തനങ്ങൾക്ക് അടിസ്ഥാനമാകണമെന്ന് അഭി. രൂപതാദ്ധ്യക്ഷൻ ഉദ്ബോധിപ്പിച്ചു. മാർ ഈവാനിയോസ് തിരുമേനിയുടെ ഉള്ളിൽ കത്തിജ്വലിച്ച പ്രേഷിത ചൈതന്യം ആയിരുന്നു അദ്ദേഹം പുറത്തേക്ക് പകർന്നത്. മാർ ഈവാനിയോസ് പിതാവ് എല്ലാ സംഘടനകളേയും പരിപോഷിപ്പിച്ചിരുന്നു. എല്ലാ സംഘടനകളുടെയും ലക്ഷ്യം എല്ലാവരേയും കർത്താവായ ഏക രക്ഷകനിലേക്ക് കൊണ്ടുവരിക എന്നതാണ്. ഭക്ത സംഘടനകളുടെ എല്ലാം ലക്ഷ്യം ഒന്നു തന്നെ. ഒരു വൃക്ഷത്തെ പുഷ്ടിപ്പെടുത്തുന്നത് അതിന്റെ വേരുകൾ ആണ്. സംഘടനകളാണ് സഭയെ പുഷ്ടിപ്പെടുത്തുന്നത്, വളർത്തുന്നത്. കർത്താവായ യേശുവിൽ നിന്നും ആത്മീയ ഭക്ഷണം സ്വീകരിച്ച് ഒരുമയോടെ പ്രവർത്തിക്കണം. ആത്മീയതയും പ്രവർത്തനവും സമഞ്ജസമായി സമ്മേളിക്കണം. സഭ വളരുന്നത് സംഘടനകളിലൂടെയാണന്ന് ഊന്നിപ്പറഞ്ഞ അഭി. പിതാവ് എല്ലാ ഇടവകകളിലും എല്ലാ സംഘടനകളും ഉണ്ടാകണമെന്ന് അറിയിച്ചു. ആത്മാർത്ഥമായി നാം പ്രവർത്തിക്കുമ്പോൾ ദൈവം ഇടപെടും. ദൈവാനുഗ്രഹം എല്ലാവരുടെയും പ്രവർത്തനങ്ങളിൽ ഉണ്ടാകട്ടെയെന്ന ആശംസയോടെ അഭി.പിതാവ് അദ്ധ്യക്ഷ പ്രസംഗം അവസാനിപ്പിച്ചു. തുടർന്ന് നടന്ന ചർച്ചകൾ ഏറ്റം സജീവമായിരുന്നു. 2020 വർഷത്തിൽ നടപ്പാക്കേണ്ട കാര്യങ്ങളെ കുറിച്ച് അതാത് സംഘടനകളുടെ ഭാരവാഹികൾ വ്യക്തമായ അറിയിപ്പ് നല്കി. സ്വീകരിക്കേണ്ടതും തിരസ്ക്കരിക്കേണ്ടതും പ്രത്യേക പ്രാധാന്യം കൊടുത്ത് സമയബന്ധിതമായി നടപ്പിലാക്കേണ്ടതുമായ കാര്യങ്ങൾ വേണ്ടവിധം വിശകലനം ചെയ്തു. വിവിധ സംഘടനകളുടെയും ഡിപ്പാർട്ടുമെന്റുകളുടെയും ഡയറക്ടർമാരും ഭാരവാഹികളുമായ പെരിയ ബഹു. മോൺ. ചെറിയാൻ ചെന്നിക്കര, വെരി. റവ. ഫാ. തോമസ് മുതലപ്ര, വെരി. റവ. ഫാ. ജോർജ് കൊച്ചുപുരയ്ക്കൽ, റവ. ഫാ. തോമസ് വെട്ടിക്കാട്ടിൽ, റവ. ഫാ. കുര്യാക്കോസ് കറുത്തേടത്ത്, റവ. ഫാ. തോമസ് പുല്ലുകാലായിൽ, റവ. ഫാ. ജോർജ് മാരാങ്കണ്ടം, റവ. ഫാ. ജോൺ മാക്കാപ്പിള്ളിൽ, റവ. ഫാ. അഗസ്റ്റിൻ തടവിളയിൽ, റവ. ഫാ. കുര്യാക്കോസ് കുടിലിൽ, റവ. ഫാ. ജോർജ് അറയ്ക്കമ്യാലിൽ, സി. ഫിലോ ഒ.എസ്.എസ്, ശ്രീ. വി.സി ജോർജുകുട്ടി, ശ്രീ. വർഗ്ഗീസ് കുരുവിള, ശ്രീ. ഷിബു പനച്ചിക്കൽ എന്നിവർ സംബന്ധിച്ചു.

**പ്രധാനമായും നടപ്പാക്കേണ്ട കാര്യങ്ങൾ**

1) എല്ലാ സംഘടനകളുടെയും തുടക്കം കുടുംബത്തിൽ നിന്നാണ്. കെട്ടുറപ്പുള്ള കുടുംബങ്ങളിൽ നിന്നെ നല്ല സംഘടനാ പ്രവർത്തകർ രൂപികരിക്കപ്പെടുകയുള്ളു. ആയതിനാൽ 'കൃപ നിറയുന്ന കുടുംബങ്ങൾ' പടുത്തുയർത്തുന്നതിൽ ആയിരിക്കണം എല്ലാ

സംഘടനകളും ശ്രദ്ധ ചെലുത്തേണ്ടത്.

2) സമർപ്പിത ജീവിതത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് വിശ്വാസികളെ ബോധ്യപ്പെടുത്തുകയും ദൈവവിളികൾ പ്രോത്സാഹിപ്പിക്കുകയും വേണം.

3) സാമൂഹ്യ പ്രവർത്തനങ്ങൾക്ക് ഊന്നൽ നല്കണം. ഭവനങ്ങൾ ഇല്ലാത്തവർക്ക് ഭവനങ്ങൾ ഉറപ്പാക്കണം. ഇതിൽ ഇടവകയ്ക്ക് പുറത്തുള്ളവരെയും വേണ്ട രീതിയിൽ പരിഗണിക്കണം.

4) വിദ്യാഭ്യാസ മേഖലയ്ക്ക് വേണ്ടത്ര പ്രാധാന്യം നല്കുകയും വിദ്യാഭ്യാസ സഹായം ഉറപ്പുവരുത്തുകയും വേണം. അർഹരായ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ തരപ്പെടുത്തണം.

5) പ്രാർത്ഥനാ ജീവിതത്തിന് പ്രാധാന്യം നല്കി ഇടവകകളെ ആത്മീയതയിൽ വളർത്താൻ ഉതകുന്ന ധ്യാനങ്ങളും വി. കുർബാനയുടെ ആരാധനയും പ്രോത്സാഹിപ്പിക്കണം.

6) രൂപതയിലെ ഇടവകകൾ ശക്തിപ്പെടുത്തുവാൻ ഓരോ ഇടവകകളിലേക്കും ഏറ്റം ചുരുങ്ങിയത് 5 കുടുംബങ്ങളെയെങ്കിലും നടപ്പു വർഷം പുതുതായി ചേർക്കണം.

7) പല കാരണങ്ങളാൽ ഇടവകകളിൽനിന്ന് അകന്ന് നില്ക്കുന്നവരെ കണ്ടെത്തി തിരികെ കൊണ്ടുവരണം.

സമ്മേളനത്തിൽ സംബന്ധിച്ച എല്ലാവർക്കും രൂപതാ എം.സി.എ. സെക്രട്ടറി ശ്രീ.ഷിബു പറച്ചിയ്ക്കൽ നന്ദി അറിയിച്ചു. ഉച്ച പ്രാർത്ഥനയോടെയും ഉച്ചഭക്ഷണത്തോടെയും സമാപിച്ച ചർച്ചാ സമ്മേളനം ഏറ്റം അനുഗ്രഹപ്രദമായിരുന്നു.

## വൈദികരുടെ വാർഷിക ധ്യാനം

മൂവാറ്റുപുഴ ഭദ്രാസനത്തിലെ വൈദികരുടെ വാർഷിക ധ്യാനം 2019 നവംബർ 4 മുതൽ 8 വരെയുള്ള തീയതികളിലായി പീച്ചി ദർശന പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. ഇരിങ്ങാലക്കുട രൂപതയുടെ മുൻ വികാരി ജനറാളും തൃശൂർ മേരി മാതാ സെമിനാരിയിലെ ബൈബിൾ പ്രൊഫസറുമായ ബഹു. വിൻസന്റ് ആലപ്പാട്ടച്ചനാണ് ധ്യാനം നയിച്ചത്. അഭിവന്ദ്യ പിതാവിനോടൊപ്പം രൂപതയിലെ 50 ഓളം വൈദികർ ധ്യാനത്തിൽ സംബന്ധിച്ചു.

## സഭാതല അസംബ്ലി

2019 ഒക്ടോബർ 8, 9 തീയതികളിൽ തിരുവനന്തപുരം കാതോലിക്കേറ്റ് സെന്ററിൽ നടന്ന സഭാതല അസംബ്ലിയിൽ മൂവാറ്റുപുഴ ഭദ്രാസന പ്രതിനി

ധികൾ സജീവമായി പങ്കെടുത്തു. ഭദ്രാസനാദ്ധ്യക്ഷ്യനു പുറമെ, ഭദ്രാസന വികാരി ജനറാൾ പെരിയ ബഹു. ചെറിയാൻ ചെന്നിക്കരയച്ചൻ, രൂപതാ ചാൻസിലർ പെരിയ ബഹു. തോമസ് മുതലപ്ര അച്ചൻ, പ്രസ്ബിറ്ററൽ കൗൺസിൽ സെക്രട്ടറി പെരിയ ബഹു. തോമസ് ഞാറക്കാട്ട് അച്ചൻ, ഫാമിലി അപ്പസ്തോലേറ്റ് ഡയറക്ടർ ബഹു. ജോർജ്ജ് മാരാംകണ്ടം അച്ചൻ, ബഹു. വർഗീസ് പന്തീരായിത്തടത്തിലച്ചൻ എന്നീ വൈദികരും, മൂവാറ്റുപുഴ ബഥനി സിസ്റ്റേഴ്സിന്റെ പ്രൊവിൻഷ്യാൾ റവ. മദർ ഗ്ലാഡിസ് SICയും പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. വി.സി. ജോർജ്ജുകുട്ടിയും മാതൃവേദി രൂപതാ പ്രസിഡന്റ് ശ്രീമതി റാണി തോമസ് ആശാൻകുന്നേൽ, ശ്രീ. ജേക്കബ് ഇരമംഗലത്ത്, ശ്രീമതി മേരി ജെയിംസ്, MCYM സഭാതല പ്രസിഡന്റ് ശ്രീ. ടിനു കുര്യാക്കോസ്, MCCL സഭാതല വൈസ് പ്രസിഡന്റ് കുമാരി സോന സന്തോഷ് എന്നീ പ്രതിനിധികളാണ് സഭാതല അസംബ്ലിയിൽ പങ്കെടുത്തത്. സഭാതല അസംബ്ലിയുടെ ഉദ്ഘാടന സമ്മേളനത്തിൽ മൂവാറ്റുപുഴ രൂപത അജപാലന സമിതി സെക്രട്ടറി ശ്രീ. വി.സി. ജോർജ്ജുകുട്ടി കൃതജ്ഞത പ്രകാശിപ്പിച്ചു. ഭദ്രാസന അസംബ്ലിയുടെ സംക്ഷിപ്ത റിപ്പോർട്ടും പ്രമേയവും അസംബ്ലിയുടെ ഭദ്രാസന കോ–ഓർഡിനേറ്റർ ആയിരുന്ന ബഹു. വർഗ്ഗിസ് പന്തിരായിത്തടത്തിലച്ചൻ അവതരിപ്പിച്ചു. സഭാതല അസംബ്ലിയുടെ പ്രമേയം തയ്യാറാക്കാനുള്ള സമിതിയിൽ അംഗമായിരുന്ന ബഹു. പന്തീരായിത്തടത്തിലച്ചനാണ് അസംബ്ലിയുടെ സമാപന ദിവസം പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന് സമർപ്പിക്കാനുള്ള പ്രമേയം അസംബ്ലി മുമ്പാകെ അവതരിപ്പിച്ചത്. മൂവാറ്റുപുഴ രൂപതയുടെ അദ്ധ്യക്ഷനായ അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്തായായിരുന്നു സഭാ അസംബ്ലിയുടെ ചെയർമാൻ.

## ഇടവക കമ്മിറ്റി അംഗങ്ങളുടെ പരിശീലനം

കരിമ്പ മേഖലയിലെ ഇടവക കമ്മിറ്റിയംഗങ്ങളുടെ പരിശീലന പരിപാടി നവംബർ മാസം 9–ാം തീയതി ശനിയാഴ്ച്ച കരിമ്പ സെന്റ് മേരീസ് ബഥനി സ്കൂളിൽ വച്ച് നടത്തപ്പെട്ടു. കരിമ്പ മേഖലാ വികാരി പെരിയ ബഹു. ഐസക്ക് കോച്ചേരി അച്ചൻ ഏവർക്കും സ്വാഗതം ആശംസിച്ചു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ നിയമങ്ങളുടെയും രൂപതാ പ്രത്യേക നിയമങ്ങളും അടസ്ഥാനത്തിൽ കമ്മിറ്റി അംഗങ്ങളുടെ ഉത്തരവാദിത്വങ്ങളെക്കുറിച്ചും കടമകളെക്കുറിച്ചും റവ. ഫാ. വർഗ്ഗീസ് പന്തീരായിത്തടത്തിൽ ക്ലാസുകൾ നയിച്ചു. അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്ത സമാപന സന്ദേശം നൽകുകയും കരിമ്പ മേഖല പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. ജേക്കബ് ഇരമംഗലത്ത് ഏവർക്കും നന്ദിയർപ്പിക്കുകയും ചെയ്തു.


ARCHBISHOP MAR G
[GOLDEN JUBILEE MEMOR
ST. MAR
Grace
Filling
Families


സഭാ അസംബ്ലി – 2019





നവംബർ 11, 12 തീയതികളിൽ നടന്ന കെ.സി. ബി.സി. മദ്ധ്യമേഖലാ മെത്രാന്മാരുടെ ധ്യാനത്തിൽനിന്ന്...



നവംബർ 9–൧൦ തീയതി കരിമ്പ മേഖലയിലെ കമ്മറ്റിയംഗങ്ങളുടെ പരിശീലന പരിപാടിയിൽ സംബന്ധിച്ചവർ
അഭിവന്ദ്യ പിതാവിനോടും മേഖലാ വികാരി വെരി റവ. ഫാ. ഐസക് കോച്ചേരിയോടുമൊപ്പം



പീച്ചി ദർശന പാസ്റ്ററൽ സെന്ററിൽ ആരംഭിച്ച പുതിയ സണ്ടേസ്കൂൾ ഓഫീസിന്റെ കൂദാശ
നവംബർ 8–൧൦ തീയതി നിർവ്വഹിക്കുന്നു.



നവംബർ 8–ാം തീയതി കരിമ്പ മേഖലയിൽ നടന്ന വൈദിക – സന്യസ്ത സംഗമം





പൗരോഹിത്യജൂബിലി ആഘോഷിക്കുന്ന ബഹു. തോമസ് വെട്ടിക്കാട്ടിലച്ചനെയും
ബഹു. വിൽസൺ വേലിക്കകത്ത് അച്ചനെയും നവംബർ 8–ന് പീച്ചിയിൽവച്ച് ആദരിക്കുന്നു.



ഒക്ടോബർ 23–ന് മൂവാറ്റുപുഴ രൂപതാ കാര്യാലയത്തിൽ നടന്ന വിവിധ
ഡിപ്പാർട്ടുമെന്റ് ഡയറക്ടർമാരുടെയും ഭാരവാഹികളുടെയും യോഗം



ശ്രീ. എൽദോ എബ്രഹാം എം.എൽ.എ. ഒക്ടോബർ
24–ന് ഭദ്രാസന കാര്യാലയം സന്ദർശിച്ചപ്പോൾ...



പോൾവാൾട്ടിൽ സ്വർണ്ണം നേടിയ ബ്ലസ്സി കുഞ്ഞുമോനെ
2019 നവംബർ 22–ാം തീയതി ആദരിക്കുന്നു.





നവംബർ 18 – ന് വെട്ടിക്കൽ എം.എസ്.ഒ.റ്റി. സെമിനാരി സന്ദർശനം



## വൈദിക-സന്യസ്ത സംഗമം

കരിമ്പ-കോയമ്പത്തൂർ മേഖലയിലെ സുവിശേഷീകരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാൻ അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് പിതാവിന്റെ അദ്ധ്യക്ഷതയിൽ നവംബർ മാസം 9-ാം തീയതി ശനിയാഴ്ച്ച കരിമ്പ സെന്റ് മേരീസ് ബഥനി സ്കൂളിൽ വച്ച് വൈദിക-സന്യസ്ത സംഗമം നടത്തപ്പെട്ടു. വൈദികരുടെയും സന്യസ്തരുടെയും കൂട്ടായ പ്രവർത്തനത്തിലൂടെ പ്രേഷിത പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുവാൻ സാധിക്കും എന്ന് അഭിവന്ദ്യ പിതാവ് ഏവരെയും ഓർമ്മിപ്പിച്ചു. ബഥനി സന്യാസിനി സമൂഹത്തിന്റെ മൂവാറ്റുപുഴ പ്രൊവിൻഷ്യാൾ മദർ ഗ്ലാഡിസ് എസ്.ഐ.സി., മേരീ മക്കൾ സന്യാസിനി സമൂഹത്തിന്റെ നിർമ്മലാ പ്രൊവിൻസിന്റെ അസിസ്റ്റന്റ് പ്രൊവിൻഷ്യാൾ സി. കാരുണ്യ ഡി.എം എന്നിവർ സംസാരിച്ചു. കരിമ്പ മേഖലയിൽ ശുശ്രൂഷ ചെയ്യുന്ന എല്ലാ വൈദികരും സന്യസ്തരും ഇതിൽ സംബന്ധിച്ചു.

## ഫാമിലി അപ്പസ്തോലേറ്റിന്റെയും മാതൃവേദിയുടെയും സംയുക്ത മീറ്റിംഗ്

2019 ഒക്ടോബർ 24ന് തിരുവനന്തപുരം കാതോലിക്കേറ്റ് സെന്ററിൽ അത്യഭിവന്ദ്യ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവായുടെ അദ്ധ്യക്ഷതയിൽ ഫാമിലി അപ്പസ്തോലേറ്റിന്റെയും മാതൃവേദിയുടെയും ഭാരവാഹികളുടെ ഒരു സംയുക്ത മീറ്റിംഗ് നടന്നു. പ്രസ്തുത മീറ്റിംഗിൽ നമ്മുടെ രൂപതയിൽ നിന്നും ബഹു. ഫാ. ജോൺ മാക്കാപ്പിള്ളിയും (മാതൃവേദി ഡയറക്ടർ) ബഹു. ഫാ. ജോർജ്ജ് മാരാങ്കണ്ടവും (ഫാമിലി അപ്പസ്തോലേറ്റ് ഡയറക്ടർ) സംബന്ധിച്ചു. മാതൃവേദിയും ഫാമിലി അപ്പസ്തോലേറ്റും എല്ലാ രൂപതകളിലും മിഷൻ കേന്ദ്രങ്ങളിലും ഒരുമിച്ച് പ്രവർത്തിക്കണമെന്ന് അത്യഭിവന്ദ്യ കാതോലിക്കാ ബാവാ നിർദ്ദേശിച്ചു. വന്ദ്യ വികാരി ജനറാളുമാരുടെ സാന്നിധ്യത്തിൽ പ്രസ്തുത മീറ്റിംഗ് ഒരിക്കൽ കൂടി വിളിച്ച് കൂട്ടാനും ഭാവി പ്രവർത്തനങ്ങൾക്ക് പൂർണ്ണ രൂപം തയ്യാറാക്കാനും തീരുമാനിച്ചു. വിവിധ രൂപതകളിൽ നിന്നായി 23 പേർ ഇതിൽ സംബന്ധിച്ചു.

## പൗരോഹിത്യ ജൂബിലി ആഘോഷിക്കുന്ന വൈദികരെ ആദരിച്ചു

ഈ വർഷം പൗരോഹിത്യ ജൂബിലി ആഘോഷിക്കുന്ന ബഹു. വിൽസൺ വേലിക്കകത്ത് അച്ചനെയും ബഹു. തോമസ് വെട്ടിക്കാട്ടിലച്ചനെയും ധ്യാനത്തിന്റെ അവസാന ദിനമായിരുന്ന 8-ാം തീയതി ദർശന പാസ്റ്ററൽ സെന്ററിൽ വച്ച് അഭിവന്ദ്യ പിതാവും ഭദ്രാസനത്തിലെ സീനിയർ വൈദികരായ പെരിയ ബഹു. ജോൺ വർഗ്ഗീസ് ഈശ്വരൻകുടിയിൽ കോറെപ്പിസ്ക്കോപ്പായും ബഹു. വർഗ്ഗീസ് കാടമലയച്ചനും ബഹു. ജോൺ മാങ്കുളമച്ചനും ചേർന്ന് ജൂബിലി ആഘോഷിക്കുന്ന വൈദികരെ ഷാൾ അണിയിച്ച് ആദരിച്ചു. ധ്യാന ദിവസങ്ങളിൽ സമൂഹ ബലിക്ക് മുഖ്യ കാർമ്മികത്വം വഹി

ച്ചത് ജൂബിലി ആഘോഷിക്കുന്ന ബഹു. വൈദികരായിരുന്നു.

## വെട്ടിക്കൽ യാക്കോബായ സെമിനാരി സന്ദർശിച്ചു

അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്താ നവംബർ മാസം 18–ാം തീയതി യാക്കോബായ സുറിയാനി സഭയുടെ ദൈവശാസ്ത്ര പഠനകേന്ദ്രമായ വെട്ടിക്കൽ മലങ്കര സിറിയൻ ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി സന്ദർശിച്ച് ദൈവശാസ്ത്ര വിദ്യാർത്ഥികളുമായി ആശയസംവേദനം നടത്തി. വെട്ടിക്കൽ സെമിനാരിയുടെ റെസിഡന്റ് മെത്രാപ്പോലീത്താ അഭിവന്ദ്യ കുര്യാക്കോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായും മറ്റ് വൈദികരും ചേർന്ന് അഭിവന്ദ്യ പിതാവിനെ സെമിനാരിയിലേക്ക് സ്വീകരിച്ചു.

## ബസേലിയയോസ് തോമസ് പ്രഥമൻ ബാവായെ സന്ദർശിച്ചു

രോഗാവസ്ഥയിൽ ആശുപത്രിയിൽ കഴിയുന്ന യാക്കോബായ സഭയുടെ ബസേലിയോസ് തോമസ് പ്രഥമൻ ബാവായെ അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്താ 2019 നവംബർ മാസം 14–ാം തീയതി കോതമംഗലം മാർ ബസേലിയോസ് മെഡിക്കൽ മിഷൻ ഹോസ്പിറ്റലിൽ സന്ദർശിക്കുകയും കാതോലിക്കാ ബാവായെ ആശ്വസിപ്പിക്കുകയും ബാവായ്ക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

## എൽദോ എബ്രാഹാം സന്ദർശിച്ചു

മൂവാറ്റുപുഴ എം.എൽ. എ. ശ്രീ എൽദോ എബ്രാഹാം ഒക്ടോബർ മാസം 24–ാം തീയതി മൂവാറ്റുപുഴ അരമനയിൽ അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് പിതാവിനെ സന്ദർശിച്ചു.

## പോൾവാൾട്ടിൽ പൊന്നണിഞ്ഞ ബ്ലസിക്ക് മൂവാറ്റുപുഴ രൂപതയുടെ ആദരം

സംസ്ഥാന സ്കൂൾ കായിക മേളയിൽ പോൾ വോൾട്ടിൽ സ്വർണ്ണം നേടിയ ബ്ലസി കുഞ്ഞുമോനെ മൂവാറ്റുപുഴ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്താ മൂവാറ്റുപുഴ അരമനയിൽ ഹാരം അണിയിച്ച് ആദരിച്ചു. ബ്ലസിയുടെ കോച്ച് ചാൾസ് ഇ ഇടപ്പാട്ടിനെയും അഭിവന്ദ്യ പിതാവ് അഭിനന്ദിച്ചു. ബ്ലസി കുഞ്ഞുമോൻ മൂവാറ്റുപുഴ രൂപതാ കരിമ്പ സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ഇടവകാംഗമാണ്.

# കൂരിയാ വാർത്തകൾ

കോയമ്പത്തൂരിൽ കിണ്ണത്തുകടവ് പൊള്ളാച്ചി മിഷനുകളിൽ സേവനമനുഷ്ഠിച്ചിരുന്ന ബഹു. ഫാ. ജോഷ്വാ കുറ്റിയിൽ OIC-ക്കു പകരം ബഹു. ഫാ. മോൻസൺ വർഗ്ഗീസ് OIC നവംബർ മാസം 28-ാം തീയതി മുതൽ മിഷന്റെ ചാർജ്ജ് ഏറ്റെടുത്തു.

# മൈനർ സെമിനാരി വാർത്തകൾ

## ദൈവശാസ്ത്രപഠനം പൂർത്തിയാക്കി

തിരുവനന്തപുരം മലങ്കര മേജർ സെമിനാരിയിൽ ദൈവശാസ്ത്രപഠനം നടത്തിയിരുന്ന ഡീ. ബേസിൽ കല്ലുംപിള്ളിയും ഡീ. വർഗ്ഗീസ് തെക്കോലിക്കലും ഉന്നത വിജയത്തോടെ ദൈവശാസ്ത്ര പഠനം പൂർത്തിയാക്കി മാതൃരൂപതയിൽ തിരികെ എത്തി.

## ഡയക്കണേറ്റ് മിനിസ്ട്രി

അജപാലന ശുശ്രൂഷകളെക്കുറിച്ചും ഇടവക പ്രവർത്തനങ്ങളെക്കുറിച്ചും കൂടുതൽ പ്രയോഗികമായി മനസ്സിലാക്കുന്നതിനായി ബഹു. ശെമ്മാശൻമാരുടെ ഡയക്കണേറ്റ് മിനിസ്ട്രി ആരംഭിച്ചു. ബഹു. ഡീക്കൻ ബേസിൽ കല്ലുംപിള്ളി നീറാമുകൾ ഇടവകയിലും ബഹു. ഡീക്കൻ വർഗീസ് തെക്കോലിക്കൽ അഞ്ചൽപെട്ടി ഇടവകയിലുമാണ് ഡയക്കണേറ്റ് മിനിസ്ട്രി ചെയ്യുന്നത്.

## വൈദിക പട്ടം സ്വീകരണം

ദൈവശാത്രപഠനം പൂർത്തിയാക്കിയ ഡീ. ബേസിൽ കല്ലുംപിള്ളിയും ഡീ. വർഗ്ഗീസ് തെക്കോലിക്കലും ഡിസംബർ മാസം 27-ാം തീയതി രാവിലെ 8 മണിക്ക് മൂവാറ്റുപുഴ സെന്റ് ജോസഫ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്തായുടെ തൃക്കൈയാൽ ശുശ്രൂഷാ പൗരോഹിത്യം സ്വീകരിക്കും. പുരോഹിതനായി അഭിഷിക്തനാകുന്ന ഡീ. വർഗ്ഗീസ് തെക്കോലിക്കൽ ഡിസംബർ 28-ാം തീയതി രാവിലെ 8 മണിക്ക് മണ്ണാർക്കാട് ഇടവകയിലും ഡീ. ബേസിൽ കല്ലുംപിള്ളി ഡിസംബർ 29-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് ചുവന്നമണ്ണ് ഇടവകയിലും പ്രഥമ ദിവ്യബലി അർപ്പിക്കും.

### സണ്ടേസ്കൂൾ കലോത്സവം

2019 ഒക്ടോബർ 12-ാം തീയതി ശനിയാഴ്ച്ച പീച്ചി ദർശന പാസ്റ്ററൽ സെന്ററിൽ ആരംഭിച്ച രൂപതാതല ബൈബിൾ കലോത്സവം മൂവാറ്റുപുഴ

രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ തെയോഡോഷ്യസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. വിശുദ്ധ ബൈബിൾ പ്രതിഷ്ഠിച്ചുകൊണ്ടാണ് ബൈബിൾ കലോത്സവം ഉദ്ഘാടനം ചെയ്തത്.

# ഫാമിലി അപ്പസ്തോലേറ്റ് വാർത്തകൾ

## വിവാഹ ഒരുക്ക സെമിനാർ 2020

ഭദ്രാസന കാര്യാലയത്തിൽ 2019 ഒക്ടോബർ 23-ാം തീയതി അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ചേർന്ന വിവിധ ഡിപ്പാർട്ടുമെന്റുകളുടെയും അപ്പസ്തോലേറ്റുകളുടെയും ഡയറക്ടറുമാരുടെ യോഗത്തിൽ ഉരുത്തിരിഞ്ഞ ആശയമനുസരിച്ച് 2020 വർഷത്തെ വിവാഹ ഒരുക്ക സെമിനാർ കോതമംഗലം രൂപതയുമായി സഹകരിച്ച് നടത്തുവാൻ തീരുമാനിച്ചു. മൂവാറ്റുപുഴ നെസ്റ്റിൽ നടക്കുന്ന 2020 വർഷത്തെ വിവാഹ ഒരുക്ക സെമിനാറിന്റെ മാസവും തീയതിയും ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ജനുവരി | 1–3 | 15–17 |
| ഫെബ്രുവരി | 5–7 | 19–21 |
| മാർച്ച് | 4–6 | 18–20 |
| ഏപ്രിൽ | 1–3 | 15–17 |
| മേയ് | 6–8 | 20–22 |
| ജൂൺ | 3–5 | 17–19 |
| ജൂലൈ | 1–3 | 13–15 |
| ആഗസ്റ്റ് | 5–7 | 19–21 |
| സെപ്റ്റംബർ | 2–4 | 16–18 |
| ഒക്ടോബർ | 7–9 | 21–23 |
| നവംബർ | 4–6 | 18–20 |
| ഡിസംബർ | 2–4 | 16–18 |

ഇതിൽ **മാർച്ച് 18–20, നവംബർ 18–20 ദിവസങ്ങളിൽ നടക്കുന്ന സെമിനാറുകളിൽ നമ്മുടെ രൂപതയിലെ യുവതീയുവാക്കളെ സംബന്ധിപ്പിക്കുവാൻ ബഹു. വൈദികർ ശ്രദ്ധിക്കുമല്ലോ.** ഈ സെമിനാറുകളിൽ അവസാന ദിവസം രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് 1 മണി വരെ മലങ്കര സഭയെക്കുറിച്ചും ആരാധനയെക്കുറിച്ചും പ്രത്യേകം ക്ലാസ് ഉണ്ടായിരിക്കുന്നതാണ്.

## വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുക്കുന്നവരുടെ പ്രത്യേക ശ്രദ്ധയ്ക്ക്

1. സെമിനാറിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്.
2. ഓൺലൈൻ രജിസ്ട്രേഷൻ നടത്തുവാൻ www.muvattupuzhadiocese.in എന്ന വെബ്സൈറ്റിൽ family apostolate എന്ന പേജ് സന്ദർശിക്കുകയോ www.muvattupuzhadiocese.in/family apostolate എന്ന ലിങ്കിലോ www.familyapostolateklm.com എന്ന വെബ്സൈറ്റിലോ പ്രവേശിക്കുക.
3. online registration നടത്തിയവർ വികാരിയച്ചന്റെ സാക്ഷ്യപത്രവും രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോയും കൊണ്ടുവരണം.
4. ബൈബിൾ, പേന, ബെഡ്ഷീറ്റ്, പുതപ്പ്, ടോയ്‌ലറ്റ് സാധനങ്ങൾ തുടങ്ങിയവ കരുതണം.
5. സെമിനാർ പ്രാരംഭ ദിവസം രാവിലെ 8.30 മണിയ്ക്ക് ആരംഭിച്ച് സമാപന ദിവസം വൈകുന്നേരം 4.30ന് അവസാനിക്കും.
6. നിശ്ചിത സമയത്തിന് ശേഷം വരുന്ന ആർക്കും സെമിനാറിൽ പ്രവേശനം ലഭിക്കുകയില്ല.
7. സെമിനാറിനിടയിൽ വിവാഹ വാഗ്ദാനം ഉൾപ്പടെ യതൊരാവശ്യങ്ങൾക്കും പുറത്തുപോകാൻ അനുവാദം ലഭിക്കുന്നതല്ല.
8. സെമിനാറിന്റെ അവസാന ദിവസം 1.30 മുതൽ 4.00 വരെ സെമിനാറിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കൾക്കായി പ്രത്യേകം ക്ലാസുണ്ടായിരിക്കുന്നതാണ്. മാതാപിതാക്കൾ ഈ ക്ലാസിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. എന്തെങ്കിലും അസൗകര്യമുണ്ടെങ്കിൽ വികാരി അച്ചന്റെ കത്തിൽ അത് പ്രത്യേകം സൂചിപ്പിക്കേണ്ടതാണ്.

## മലങ്കര കാത്തലിക്ക് മാട്രിമോണി

മലങ്കര കത്തോലിക്കാ സഭയിൽ നിന്ന് അനുയോജ്യരായ ജീവിത പങ്കാളിയെ കണ്ടെത്തുന്നതിനുള്ള സുവർണ്ണാവസരം. സഭാതലത്തിൽ രൂപീകൃതമാകുന്ന ഈ സംരംഭം നമ്മുടെ എല്ലാ രൂപതകളിലേയും മിഷൻ കേന്ദ്രങ്ങളിലേയും വിശ്വാസികൾക്ക് ഏറ്റം പ്രയോജന പ്രദമായിരിക്കും.

https://mcmatrimonyna.com/

**നിബന്ധനകൾ**

1. നിങ്ങൾ നിയമപരമായ വിവാഹ പ്രായമോ അതിൽ കൂടുതലോ ഉള്ള ഒരു ഇന്ത്യൻ പൗരനായിരിക്കണം (അല്ലെങ്കിൽ രാജ്യത്തിന്റെ

നിയമങ്ങൾക്കനുസൃതമായി ഈ വെബ്സൈറ്റിൽ വ്യക്തമാക്കിയ പരിധിക്കുള്ളിൽ).

2. നിങ്ങൾ മലങ്കര സിറിയൻ കത്തോലിക്ക കമ്മ്യൂണിറ്റിയിൽ അംഗമായിരിക്കണം.

3. രജിസ്റ്റർ ചെയ്യുന്നതിന് നിങ്ങൾ സാധുവായ ഒരു ഈ മെയിൽ വിലാസവും സാധുവായ മൊബൈൽ നമ്പറും സമർപ്പിക്കണം.

4. ലോഗിൻ ചെയ്യാനുള്ള പാസ്സ്‌വേർഡ് സൃഷ്ടിക്കുകയും നിങ്ങളുടെ രജിസ്റ്റർ ചെയ്ത് ഇമെയിൽ ഐഡിയിലേക്ക് അയക്കുകയും ചെയ്യും.

5. നിങ്ങളുടെ ഉപയോക്തൃനാമവും (നിങ്ങളുടെ ഇമെയിൽ ഐഡി) പാസ്‌വേർഡും ഉപയോഗിച്ച് പ്രവേശിച്ച് നിങ്ങളുടെ പ്രൊഫൈൽ അപ്ഡേറ്റ് ചെയ്യുക.

6. നിങ്ങളുടെ ഫോട്ടോഗ്രാഫുകൾ അപ്‌ലോഡ്ചെയ്യുക. നിങ്ങളുടെ സ്വകാര്യ വിശദശാംശങ്ങൾ അപ്ഡേറ്റ് ചെയ്യുകയും പങ്കാളിയുടെ മുൻഗണനകൾ അടയാളപ്പെടുത്തുകയും ചെയ്യുക.

7. ഓൺലൈൻ പേയ്മെന്റ് ഗെയ്റ്റ്‌വേ വഴി രജിസ്ട്രേഷൻ ഫീസ് അടക്കുക.

8. നിങ്ങളുടെ രജിസ്ട്രേഷൻ വിശദാംശങ്ങളും പ്രഫൈലും പരിശോധിച്ച് 24 മണിക്കൂറിനുള്ളിൽ അംഗീകരിക്കപ്പെടും. നിങ്ങളുടെ പ്രൊഫൈൽ വിശദാംശങ്ങളുടെയും പങ്കാളിയുടെ പ്രതീക്ഷിച്ച മുൻഗണനകളുടെയും അടിസ്ഥാനത്തിൽ നിങ്ങൾക്ക് മികച്ച പൊരുത്തങ്ങൾ കാണാൻ കഴിയും.

# മതബോധന വാർത്തകൾ

## ബൈബിൾ കലോത്സവം 2019

2019 ഒക്ടോബർ 12 ശനിയാഴ്ച്ച പീച്ചി ദർശന പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതാതല ബൈബിൾ കലോത്സവം 8.30ന് റെജിസ്ട്രേഷനോടു കൂടെ ആരംഭിച്ചു. രചനമത്സരത്തിന് 52 പോയിന്റും കലാമത്സരങ്ങൾക്ക് 43 പോയിന്റും നേടി ഓവറോൾ ട്രോഫി (95 പോയിന്റും) ഈ വർഷവും പിറവം മേഖല തന്നെ സ്വന്തമാക്കി. രചനാമത്സരങ്ങൾക്ക് 19 ഉം കലാമത്സരങ്ങൾക്ക് 73 പോയിന്റ് ലഭിച്ച കരിമ്പ മേഖല റണ്ണേഴ്സ്പ് ആയി. 45 പോയിന്റ് നേടിക്കൊണ്ട് കരിമ്പ ഇടവക ബെസ്റ്റ് പാരീഷ് ട്രോഫി സ്വന്തമാക്കി. കലാപ്രതിഭയായി തെരഞ്ഞെടുക്കപ്പെട്ടത് കാഞ്ഞിക്കുളം ഇടവകാംഗമായ സാൻജോ ബിനോയി (ജൂനിയർ 18 പോയിന്റ്)യും കലാതിലകമായി

കുന്നംകുളം ഇടവകാംഗമായ അലീന എൽസ എം ആർ (സീനിയർ 10 പോയിന്റ്) തിരഞ്ഞെടുക്കപ്പെട്ടു.

## ഓരോ മേഖലക്കും ലഭിച്ച പോയിന്റ്സ്

| മേഖല | രചനാമത്സരം | കലാമത്സരം | പോയിന്റ് |
|---|---|---|---|
| I പിറവം | 52 | 43 | 95 |
| II കരിമ്പ | 19 | 73 | 92 |
| III കുന്നംകുളം | 16 | 60 | 76 |
| IV പീച്ചി | 19 | 53 | 72 |
| V മൂവാറ്റുപുഴ | 24 | 43 | 67 |

കലാമത്സരങ്ങൾക്കുശേഷം മൂവാറ്റുപുഴ രൂപതയുടെ പുതിയ വികാരി ജനറാൾ പെരിയ ബഹു. മോൺ. ചെറിയാൻ ചെന്നിക്കരയച്ചന് രൂപതാ സൺഡേസ്കൂളിന്റെ പേരിൽ ഷാൾ അണിയിച്ചു സ്വീകരിച്ചു. തുടർന്ന് വിവിധ രീതികളിൽ കഴിവുതെളിയിച്ച നമ്മുടെ കുഞ്ഞുങ്ങൾക്ക് സർട്ടിഫിക്കേറ്റുകളും ട്രോഫികളും സമ്മാനിച്ചു. 2017-2018, 2018-2019 വർഷങ്ങളിൽ ഒന്നും രണ്ടും റാങ്ക് ലഭിച്ചവർക്ക് ക്യാഷ് അവാർഡും നൽകി.

## കമ്പ്യൂട്ടർ സംഭാവന നൽകി

മുവാറ്റുപുഴ രൂപത വിശ്വാസ പരിശീലന കാര്യാലയത്തിന്റെ സുഗമമായ പ്രവർത്തനങ്ങൾക്കായി മുവാറ്റുപുഴ ബഥനി പ്രൊവിൻഷ്യൽ ഹൗസിൽനിന്നും കമ്പ്യൂട്ടറും പ്രിന്ററും സംഭാവന നൽകി. മുവാറ്റുപുഴ ബഥനി സന്ന്യാസിനി സമൂഹത്തിന്റെ പ്രൊവിൻഷ്യൽ സിസ്റ്റർ ഗ്ലാഡിസ് SIC ക്കും മറ്റു എല്ലാ സിസ്റ്റേഴ്സിനോടും നന്ദി അറിയിക്കുന്നു

## എക്സിക്യൂട്ടീവ് മീറ്റിങ്

ഒക്ടോബർ 7-ാം തിയതി ദർശന പാസ്റ്ററൽ സെന്ററിൽ വച്ചു വിശ്വാസ പരിശീലനത്തിന്റെ കാര്യാലയത്തിന്റെ കൂടുതൽ കാര്യക്ഷമമായി പ്രവർത്തനങ്ങളെക്കുറിച്ച് ആലോചിക്കുവാനായി ഒരു എക്സിക്യൂട്ടീവ് മീറ്റിങ് നടത്തി. സൺഡേ സ്കൂൾ മേഖല ഡയറക്ടർമാരടക്കം 15 പേരോളം പങ്കെടുത്തു.

## പുതിയ മേഖലാ ഡയറക്ടർമാർ

2019 ലെ വൈദികരുടെ സ്ഥലമാറ്റത്തിനുശേഷം കൂടിയ മേഖലാ വൈദകിരുടെ യോഗങ്ങളിൽ പുതിയ മേഖലാ സണ്ടേസ്കൂൾ ഡയറക്ടർമാരെ തിരഞ്ഞെടുത്തു. പിറവം മേഖലയിൽ ബഹു. വർഗീസ് പന്തീരായിത്തടത്തിലച്ചനെയും മൂവാറ്റുപുഴ മേഖലയിൽ ബഹു. പോൾ കാരമേൽ കോയിക്കല

ച്ചനെയും സണ്ടേസ്കൂൾ ഡയറക്ടർമാരായി തിരഞ്ഞെടുത്തു. പീച്ചി മേഖലാ ഡയക്ടറായി ബഹു. തോമസ് വെട്ടിക്കാട്ടിലച്ചനെയും കുന്ദംകുളം മേഖലാ ഡയറക്ടറായി ബഹു. മാത്യു കട്ടറുമൂലയിൽ അച്ചനെയും കരിമ്പ മേഖല ഡയറക്ടറായി ബഹു. ജോസഫ് താഴത്തേൽ അച്ചനെയും തിരഞ്ഞെടുത്തു.

# ബൈബിൾ അപ്പസ്തോലേറ്റ് വാർത്തകൾ

## ലോഗോസ് ക്വിസ് 2019

ലോഗോസ് ക്വിസ് 2019 സെപ്റ്റംബർ 27-ാം തീയതി നടത്തി രൂപതാതലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം ലഭിച്ചവർ 2019 നവംബർ 10 -ാം തീയതി നടന്ന സംസ്ഥാനതല ആദ്യ ഘട്ട എഴുത്തുപരീക്ഷയിൽ പങ്കെടുത്തു. രൂപതാതല വിജയികൾ:

B വിഭാഗം ഒന്നാം റാങ്ക് ജോർജി മാത്യു കുന്നകുരുടി ഇടവക, രണ്ടാം റാങ്ക് അഹന എസ്. രാജ് കരിമ്പാ ഇടവക,

C വിഭാഗം ഒന്നാം റാങ്ക് രേഷ്മാ മേരി സക്കറിയ ആലുവാ ഇടവക, രണ്ടാം റാങ്ക് ജിനോ വിനോയി കാക്കനാട് ഇടവക, മൂന്നാം റാങ്ക് പ്രിയാ ടോംസ് കാഞ്ഞിക്കുളം ഇടവക,

D വിഭാഗം ഒന്നാം റാങ്ക് ബിന്ദു സെൻ കളമശ്ശേരി ഇടവക, രണ്ടാം റാങ്ക് ജീനാ മരിയാ സാം കളമശ്ശേരി ഇടവക, മൂന്നാം റാങ്ക് ദീപാ സോജൻ എറണാകുളം ഇടവക,

E വിഭാഗം ഒന്നാം റാങ്ക് എലിസബേത്ത് സക്കറിയ ആലുവ ഇടവക, രണ്ടാം റാങ്ക് മാർഗരറ്റ് മാത്യു കുന്നംകുളം ഇടവക, മൂന്നാം റാങ്ക് തങ്കമണി അമലഗിരി ഇടവക,

F വിഭാഗം ഒന്നാം റാങ്ക് അന്നമ്മ വർഗീസ് ഒലവക്കോട് ഇടവക, ചിന്നമ്മ അബ്രഹാം വെളിയനാട് ഇടവക. ഏറ്റവും കൂടുതൽ മാർക്ക് നേടിയത് രേഷ്മ മേരി സക്കറിയായാണ് 94 മാർക്ക് . വിജയികൾക്ക് എല്ലാ ആശംസകളും നേരുന്നു.

## ബൈബിൾ പാരായണ മാസം

ഡിസംബർ മാസം ബൈബിൾ പാരായണ മാസമാണ്. എല്ലാ ഇടവകകളിലും ബൈബിൾ പാരായണം സംഘടിപ്പിക്കണം. ഡിസംബർ 29 ബൈബിൾ ഞായറാണ്. അന്നേ ദിവസം വിവിധ പരിപാടികളോടെ

നടത്തണമെ. അന്നേ ദിവസത്തെ കാണിക്ക ബൈബിൾ പ്രേഷിത കാര്യാലയത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി രൂപതയിലേക്ക് അയച്ചുകൊടുക്കണമെ

# വിദ്യാഭ്യാസ വാർത്തകൾ

മൂവാറ്റുപുഴ രൂപത കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയിൽപെട്ട സ്കൂളുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനകാർക്കായി ഒരു ഏകദിന സെമിനാർ മൂവാറ്റുപുഴ, തൃശ്ശൂർ സോണുകളിലായി നടത്തി മൂവാറ്റുപുഴ മേഖലാ സെമിനാർ പിറവം സെന്റ് ജോസഫ് ഹൈസ്കൂളിൽ വച്ച് ആഗസ്റ്റ് മാസം 3-ാം തീയതി കൺസൽട്ടന്റ് സൈക്കോളജിസ്റ്റ് ശ്രീ. ജെയിനും തൃശൂർ മേഖലാ സെമിനാർ കുന്നംകുളം ബഥനി കോൺവന്റ് ഗേൾസ് ഹൈസ്കൂളിൽ വച്ച് ഒക്ടോബർ 12-ാം തീയതി ഇരിങ്ങാലക്കുട ക്രൈസ്റ്റ് വിദ്യാനികേതൻ ICSE സ്കൂൾ പ്രിൻസിപ്പാൾ റവ. ഫാ. സണ്ണി പുന്നേലിപ്പറമ്പിൽ CMI നയിച്ചു.

# എം.സി.വൈ.എം വാർത്തകൾ

## യുവജനദിനാഘോഷം

ഒക്ടോബർ 7 തിങ്കളാഴ്ച സെന്റ് ജോർജ് ചർച്ച് ഇടവകയിൽ വച്ച് എം.സി.വൈ.എം. ഭദ്രാസന ദിനാഘോഷം നടത്തപ്പെട്ടു. ഭദ്രാസന പ്രോക്യുറേറ്റർ ഫാ. ജോമോൻ കൊച്ചുപുരയ്ക്കൽ ഉദ്ഘാടനം ചെയ്തു. സീറോ മലബാർ യൂത്ത് മൂവ്മെന്റ് സംസ്ഥാന പ്രസിഡന്റ് ജുബിൻകൊടിയകുന്നേൽ മുഖ്യാതിഥി ആയിരുന്നു. പുതിയതായി സംഘടനയിലേക്ക് കടന്നുവന്നവരെ ഔദ്യോഗികമായി സ്വാഗതം ചെയ്തു.

# എം.സി.എ വാർത്തകൾ

## ആഗോള അത്മായ സംഗമം - കോട്ടയം സെപ്തംബർ 19

കോട്ടയത്തു വച്ചു നടന്ന ആഗോള അത്മായ സംഗമത്തിലും പുനരൈക്യ വാർഷിക ആഘോഷങ്ങളിലും മൂവാറ്റുപുഴ രൂപതയുടെ സജീവ പങ്കാളിത്തം ഉണ്ടായിരുന്നു. 72 അംഗങ്ങൾ അത്മായ സംഗമത്തിൽ പങ്കെടുക്കുകയും രൂപത നേതൃത്വം സംഘാടനത്തിനും, രജിസ്ട്രേഷനും നേതൃത്വം നൽകുകയും ചെയ്തു.

## സിറിൽ മാർ ബസേലിയോസ് വിദ്യാശ്രീ പുരസ്കാരം

ആഗോള അത്മായ സംഗമത്തോടനുബന്ധിച്ച് നൽകുന്ന വിദ്യാശ്രീ പുര

സ്കാരം മൂവാറ്റുപുഴ രൂപതയിൽ മാന്ദാമംഗലം ഇടവകയിലെ ജെഫിൻ ജോഷി കുന്നുംപുറത്തിന് സഭയുടെ തലവനും പിതാവുമായ കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്ക ബാവ പുരസ്കാരം നൽകി ആദരിച്ചു.

## യൂണിറ്റ് സന്ദർശനം

എം.സി.എ. ഇടവകതലത്തിൽ ശാക്തീകരിക്കുന്നതിനും ബന്ധങ്ങൾ ദൃഢമാക്കുന്നതിനുമായി മേഖല രൂപത ഭാരവാഹികൾ സംയുക്തമായി ഇടവകസന്ദർശനം ആരംഭിച്ചു. പെരുവ, പെരുമ്പടവം ഇടവകകളിൽ ആദ്യ സന്ദർശനം നടത്തപ്പെട്ടു. പിറവം മേഖല പ്രസിഡന്റ് ശ്രീ. ഷിബു സി.ബി., സെക്രട്ടറി ശ്രീ. എബീഷ് കൂരാപ്പിള്ളിൽ, രൂപത സെക്രട്ടറി ശ്രീ. ഷിബു പനച്ചിക്കൽ എന്നിവർ സന്ദർശനത്തിന് നേതൃത്വം നൽകി.

## മാനേജിംഗ് കമ്മിറ്റി മീറ്റിംഗും കർമ്മ പരിപാടി പ്ലാനിംഗും

രൂപത കാര്യാലയത്തിൽ വച്ച് ചേർന്ന എം.സി.എ. രൂപത മാനേജിംഗ് കമ്മിറ്റി മീറ്റിംഗിന് എം.സി.എ. രൂപത പ്രസിഡന്റ് ശ്രീ. വി.സി. ജോർജ് കുട്ടി അദ്ധ്യക്ഷത വഹിച്ചു. പുതുതായി നിയമിതനായ എം.സി.എ. വൈദിക ഉപദേഷ്ടാവും രൂപതയുടെ വികാരിജനറാളുമായ മോൺ. ചെറിയാൻ ചെന്നിക്കരയിലച്ചന്റെ മഹനീയ സാന്നിദ്ധ്യത്തിൽ രൂപത മാനേജിംഗ് കമ്മിറ്റി ചേരുകയും കർമ്മ പരിപാടികളുടെ വിലയിരുത്തലും പുതിയ പ്രവർത്തനങ്ങളുടെ പ്ലാനിംഗും നടത്തപ്പെട്ടു.

# സമൃദ്ധി വാർത്തകൾ

## ദുരന്ത നിവാരണ സർവ്വേ

സമൃദ്ധി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ദുരന്തങ്ങളെ നേരിടുന്നതിന് ആളുകളെ സജ്ജരാക്കുവാൻ നവജീവൻ പ്രോജക്ടിന്റെ ഭാഗമായി പിറവം മുൻസിപ്പാലിറ്റിയിലെ 10 വാർഡുകൾ തിരഞ്ഞെടുത്ത് പ്രളയദുരന്തം എങ്ങനെ അവരെ ബാധിച്ചു എന്നും അവർക്ക് എന്ത് സഹായമാണ് അവശ്യമെന്നതിനെക്കുറിച്ചും പഠിക്കുകയും ചെയ്തു.

## തൈകൾ വിതരണം ചെയ്തു

സമൃദ്ധിയുടെ നേതൃത്വത്തിൽ സർക്കാരിന്റെ സഹകരണത്തോടെ ആഗസ്റ്റ് 29–ാം തീയതി പല്ലാരിമംഗലം വാട്ടർഷെഡ് പ്രോഗ്രാമിന്റെ ഭാഗമായി കർഷകർക്ക് 52 തെങ്ങിൻതൈയും 40 കുടുംബങ്ങൾക്ക് പച്ചക്കറി തൈകളും 125 കുടുംബങ്ങൾക്ക് പഴവർഗ്ഗങ്ങളുടെ തൈകളും വിതരണം നടത്തി.

## നേതൃത്വപരിശീലന ക്ലാസ് നടത്തി

സമൃദ്ധി സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ പ്രവർത്തിക്കുന്നവരുടെ നേതൃത്വ പാടവം വർദ്ധിപ്പിക്കുന്നതിനായി ആഗസ്റ്റ് മാസം 31 –ാം തീയതി വെങ്ങോല സമൃദ്ധി ഗ്രാമിൽ വച്ച് പെരിയ ബഹു. ഫാ. വർഗ്ഗീസ് ഈശ്വരൻകുടിയിൽ കോറെപ്പിസ്ക്കോപ്പ നേതൃത്വപാടവം സാമൂഹിക വികസനത്തിന് എന്ന വിഷയത്തെക്കുറിച്ച് ക്ലാസ് എടുത്തു.

## മാലിന്യ സംസ്കരണ പരിശിലീന ക്ലാസ്

സമൃദ്ധിയുടെ ആഭിമുഖ്യത്തിൽ കരിത്താസ് ഇന്ത്യയും മാർ ഏലിയാസ് കോളേജുമായി ചേർന്ന് ആഗസ്റ്റ് മാസം 31–ാം തീയതി വെങ്ങോല സമൃദ്ധി ഗ്രാമിൽ വച്ച് മാലിന്യ സംസ്കരണ പരിശിലീന ക്ലാസ് നടത്തി. എറണാകുളം ജില്ലാ പഞ്ചായത്ത് അംഗമായ എൻ. അരുൺ ഈ പരിപാടി ഉദ്ഘാടനം ചെയ്തു. സമൃദ്ധിയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. തോമസ് പുല്ലുകാലായിൽ സ്വാഗതപ്രസംഗം നിർവ്വഹിച്ചു. മുൻ എം.ഡിയും ക്ലീൻ കേരള കമ്പനിയുടെ പ്രവർത്തകനുമായ കബീർ ബി. ഹറൂൺ കുട്ടികൾക്കായ് മാലിന്യ സംസ്കരണപരിശീലന ക്ലാസ് നടത്തി.

## കോർഡിനേറ്റർമാരുടെ പരിശീലനം

അതിജീവൻ പ്രോജക്ടിന്റെ തുടർച്ചയായി കാരിത്താസ് ഇന്ത്യയും വിവിധ രൂപതാ സാമൂഹ്യ പ്രവർത്തനവിഭാഗങ്ങളും സംയുക്തമായി നടത്തുന്ന അതിജീവൻ പരിപാടിയുടെ കോർഡിനേറ്റർമാരുടെ പരിശീലന പരിപാടി ആഗസ്റ്റ് 31–ാം തീയതി കാരിത്താസ് ഇന്ത്യയുടെ കേരള ഓഫീസ് കൊച്ചിയിൽ വെച്ച് നടത്തപ്പെട്ടു.

## വയോമിത്രം കൂട്ടായ്മ

സമൃദ്ധി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ അമലഗിരി സോണിന്റെ കീഴിൽ 60 വയസ്സിന് മുകളിൽ പ്രായമുള്ളവരെ ഒന്നിച്ചു കൂട്ടുന്നതിനും അവരുടെ ആവശ്യങ്ങളും സമൂഹത്തിൽ അവരനുഭവിക്കുന്ന പ്രശ്നങ്ങളെ തിരച്ചറിയുന്നതിനും അവ പരിഹരിക്കുന്നതിനുമായി വയോമിത്രം എന്ന കൂട്ടായ്മ രൂപീകരിച്ചു. ഈ കൂട്ടായ്മയിലൂടെ വാർദ്ധകൃത്തിലേക്ക് പ്രവേശിക്കുന്നവരുടെ കഴിവുകളും ജീവിതാനുഭവങ്ങളും സമൂഹത്തിന്റെ ഉന്നമനത്തിനായി ഉപയുക്തമാക്കാൻ സാധിക്കും. അതോടൊപ്പം മൂന്ന് അയൽക്കൂട്ടങ്ങളും മൂന്ന് JLG കളും രൂപീകരിച്ചു.

## റീജിനൽ മീറ്റിംഗ്

ഒക്ടോബർ മാസം 24–ാം തീയതി തൃശൂർ റീജിനൽ മീറ്റിംഗും ബഹുമാനപ്പെട്ട സമൃദ്ധി ഡയറക്ടർ ഫാ. തോമസ് പുല്ലുകാലയുടെ സാന്നിദ്ധ്യത്തിൽ നടത്തപ്പെട്ടു.

സെപ്തംബർ മാസം 25–ാം തീയതി സമൃദ്ധി ഡയറകട്ർ ഫാ. തോമസ് പുല്ലുകാലായുടെ സാന്നിദ്ധ്യത്തിൽ കരിബ റീജിനൽ മീറ്റിംഗും നടത്തപ്പെട്ടു.

കരിമ്പ റീജിയന്റെ കീഴിൽ ഒരു സേവ് എ ഫാമിലി അയൽക്കൂട്ടവും വനിത SHG യും രൂപീകരിച്ചു. അതോടൊപ്പം രണ്ട് ജെ.എൽ.ജി. കൾക്കും നബാർഡിന്റെ ജെ.എൽ.ജി. ലോൺ നൽകുകയും ചെയ്തു.

# വിൻസെന്റ് ഡി പോൾ വാർത്തകൾ

## നേതൃത്വക്കളരി

സൊസൈറ്റി ഓഫ് വിൻസെന്റ് ഡി പോൾ മൂവാറ്റുപുഴ സെന്ററൽ കൗൺസിലെ കോൺഫറൻസ് ഭാരവാഹികൾക്കായി കെ.ആർ.സി.സി.യുടെ ആഭിമുഖ്യത്തിൽ 2019 ഒക്ടോബർ 12 ന് തൃശൂർ കൊമ്പഴ സെന്റ് മേരീസ് കോൺഫറൻസിൽവച്ച് നേതൃത്വക്കളരി നടത്തി. മൂവാറ്റുപുഴ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്ത സംഘടന പതാക ഉയർത്തി കെ.ആർ.സി.സി. കോ–ഓർഡിനേറ്റർ ബ്രദർ അഡ്വ. സെബാസ്റ്റ്യൻ ഫിലിപ്പ് നേതൃത്വം കൊടുത്ത പ്രസ്തുത പരിപാടിയിൽ സെൻട്രൽ കൗൺസിൽ മുൻ ആത്മീയ ഉപദേഷ്ടാവ് റവ. ഫാ. വിൽസൺ വേലിക്കകത്ത്, ഇപ്പോഴത്തെ ആത്മീയ ഉപദേഷ്ടാവ് റവ. ഫാ. മിഖായേൽ വടക്കേവീട്ടിൽ എന്നിവർ സന്നിഹിതരായിരുന്നു. വിവിധ കോൺഫറൻസുകളിൽ നിന്നായി 65 ഓളം പേർ പങ്കെടുത്ത നേതൃത്വക്കളരി 2 pm ന് സ്നേഹവിരുന്നോടെ സമാപിച്ചു.

തുടർന്ന് കഴിഞ്ഞ 9 വർഷത്തിലേറെയായി സംഘടനയെ ആത്മീയമായി നയിച്ചുകൊണ്ടിരുന്ന ബഹു. വിൽസൺ വേലിയ്ക്കകത്തച്ചന് യഥോചിതമായ യാത്രയയപ്പും CC യുടെ സ്നേഹോപഹാരവും അതോടൊപ്പം സംഘടനയുടെ പുതിയ ആത്മീയ ഉപദേഷ്ടാവായി നിയമിതനായ ബഹു. മൈക്കിൾ വടക്കേവീട്ടിലച്ചനെ CC യിലേക്ക് സ്വാഗതം ചെയ്യുകയും ചെയ്തു.

# സ്മരണീയ ദിനങ്ങൾ

## നാമഹേതുക തിരുന്നാൾ

**അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്താ - ജനുവരി 11**

റൈറ്റ് റവ. ഫാ. ജോൺ വർഗ്ഗീസ് ഈശ്വരൻകുടിയിൽ കോറെപ്പിസ്ക്കോപ്പ - ഡിസംബർ 27

റവ. ഫാ. ജോൺ മാങ്കുളം - ഡിസംബർ 27

റവ. ഫാ. ജോണി ചെരിക്കായത്ത് - ഡിസംബർ 27

റവ. ഫാ. ജോൺ വർഗീസ് ഇടയാളിക്കുടിയിൽ - ഡിസംബർ 27

റവ. ഫാ. ജോൺ മാക്കപ്പിള്ളിൽ - ഡിസംബർ 27

റവ. ഫാ. ജോൺ കുര്യാക്കോസ് അണ്ടിക്കുളത്തിൽ - ഡിസംബർ 27

റവ. ഫാ. സിറിയക്ക് വെച്ചൂർകരോട്ട് - ജനുവരി 3

## ജന്മദിനം

റവ. ഫാ. ജോസഫ് കുടിലിൽ - ഡിസംബർ 5

റവ. ഫാ. ജോണി ചെരിക്കായത്ത് - ഡിസംബർ 25

റവ. ഫാ. പൗലോസ് നിരപ്പിൽ - ജനുവരി 1

റവ. ഫാ. മാത്യു മുട്ടുത്താൻ - ജനുവരി 1

റവ. ഫാ. കുര്യൻ ആരംമ്പിള്ളിക്കുടിയിൽ - ജനുവരി 5

റവ. ഫാ. ജോൺ മാക്കാപ്പിള്ളിൽ - ജനുവരി 15

റവ. ഫാ. ജോസഫ് താഴത്തേൽ - ജനുവരി 17

റവ. ഫാ. അഗസ്റ്റിൻ തടവിളയിൽ - ജനുവരി 17

റവ. ഫാ. മാത്യു കുരിശുവിള - ജനുവരി 21

റവ. ഫാ. പൗലോസ് കിഴക്കിനേടത്ത് - ജനുവരി 29

# അറിയിപ്പുകൾ

## നോമ്പുകാലധ്യാനം

ബഹു. വൈദികരുടെ നോമ്പുകാലധ്യാനം ഡിസംബർ 16, 17 തീയതികളിൽ പീച്ചി ദർശന പാസ്റ്ററൽ സെന്ററിൽവച്ച് നടത്തപ്പെടുന്നു.

വികാരി ജനറാൾ

## മിഷനറി എക്സലൻസ് അവാർഡ്

അജപാലന പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി മൂവാറ്റുപുഴ രൂപതാ വൈദികരിൽ മികവുറ്റ അജപാലന പ്രവർത്തനത്തിന് തിരഞ്ഞെടുക്കപ്പെടുന്ന വൈദികന് മിഷനറി എക്സലൻസ് അവാർഡ് നൽകാൻ തീരുമാനിച്ചു.

*ചാൻസിലർ*

## അപ്പസ്തോലേറ്റ് എക്സലൻസ് അവാർഡ്

രൂപതയിലെ വിവിധ സംഘടനകളുടെ പ്രവർത്തനങ്ങളെ വിലയിരുത്തി ഏറ്റവും നന്നായി പ്രവർത്തിക്കുന്ന സംഘടനയ്ക്ക് അവാർഡ് നൽകാൻ തീരുമാനിച്ചു.

*ചാൻസിലർ*

# അഭിനന്ദനങ്ങൾ



യു.എ.ഇ.യിലെ വിദ്യാഭ്യാസ രംഗത്തു മികച്ച പ്രകടനം കാഴ്ച വയ്ക്കുന്ന വിദ്യാർത്ഥികൾക്ക് യു.എ.ഇ.യിലെ ഡെപ്യൂട്ടി റൂളറും ഫിനാൻസ് മിനിസ്റ്ററുമായ ഹിസ് ഹൈനെസ്സ് ഷെയ്ഖ് ഹംദാൻ ബിൻ റാഷിദ് അൽ മഖ്തൂമിന്റെ പേരിൽ നൽകപ്പെടുന്ന അവാർഡിന് നൈനാൻ അജു ഫിലിപ്പ് അർഹനായി. റാസ് അൽ ഖൈമ സ്കോളർസ് ഇന്ത്യൻ സ്കൂളിലെ 10–ാം ക്ലാസ് വിദ്യാർത്ഥിയായ നൈനാൻ പിറവം സെന്റ് ജോസഫ് സ് മലങ്കര കത്തോലിക്കാ ഇടവകയിലെ തൈപ്പറമ്പിൽ അജു ഫിലിപ്പിന്റെയും നിഷയുടെയും മകനാണ്.

# അറിയിപ്പുകൾ

## അഭിവന്ദ്യ പിതാവിന്റെ നാമഹേതുക തിരുന്നാൾ

ആശ്രമശ്രേഷ്ഠനായ വി. തെയഡോഷ്യസിന്റെ തിരുന്നാൾ ആഗോള കത്തോലിക്കാ സഭ ജനുവരി 11ന് ആഘോഷിക്കുന്നു. ഈ വിശുദ്ധന്റെ നാമം സ്വീകരിച്ച നമ്മുടെ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ തെയഡോഷ്യസ് തിരുമേനിയെ ഓർക്കുകയും പ്രാർത്ഥിക്കുകയും തിരുമേനിയിലൂടെ ദൈവം സഭയ്ക്ക് നൽകുന്ന നിരവധി അനുഗ്രഹങ്ങൾക്ക് നന്ദിർപ്പിക്കുകയും ചെയ്യുക എന്നത് നമ്മുടെ കടമയാണ്. 2020 ജനുവരി 11 ശനിയാഴ്ച്ച തിരുമേനിയുടെ നാമഹേതുക തിരുന്നാൾ ഏറ്റം ലളിതമായി നടത്തുവാൻ തീരുമാനിച്ചിരിക്കുകയാണ്. ആഘോഷങ്ങൾ കുറച്ച്, ഭദ്രാസനത്തിന്റെയും പാവപ്പെട്ടവരുടെയും ഉന്നമനത്തിനായി ശ്രദ്ധ കേന്ദ്രീകരിക്കുവാനാണ് വന്ദ്യ പിതാവ് അഭിലഷിക്കുന്നത്. ആയതിനാൽ, വന്ദ്യ പിതാവിന് ആശംസകൾ അർപ്പിക്കുവാൻ കടന്നുവരുന്നവർ പുഷ്പങ്ങൾ, സമ്മാനങ്ങൾ, കാർഡുകൾ ഇവയൊന്നും ദയവായി കൊണ്ടുവരരുത്. ഇവയ്ക്ക് ചിലവാകുന്ന പണം, അൽപം കൂടി ഔദാര്യത്തോടെ വന്ദ്യ പിതാവിന് സമ്മാനിക്കുവാൻ താൽപര്യപ്പെടുന്നു. ഇപ്രകാരം നൽകപ്പെടുന്ന തുക കോയമ്പത്തൂർ മിഷനിലെ കിണ്ണത്തുംകടവ് പള്ളിയുടെ പണിക്കായി ഉപയോഗിക്കുന്നതായിരിക്കും. ഈ ഡിസംബർ മാസത്തിനുള്ളിൽ പള്ളിയുടെ പണി തുടങ്ങാത്തപക്ഷം അതിന്റെ അനുമതി നഷ്ടപ്പെടുന്ന ഒരു സാഹചര്യമാണ് ഇപ്പോൾ ഉള്ളത്. നമ്മുടെ ക്രിസ്തുമസ് തിരുന്നാൾ സമ്മാനമായി ഒരു മിഷൻ ദൈവാലയത്തെ പണിതുയർത്താം.

നമ്മുടെ എല്ലാ ഇടവകകളും വൈദികരും ആശ്രമങ്ങളും മഠങ്ങളും സ്ഥാപനങ്ങളും തങ്ങളാൽ കഴിയും വിധം ഇതിൽ സഹകരിക്കുവാൻ താൽപര്യപ്പെടുന്നു. ജനുവരി 10–ാം തീയതി വന്ദ്യ പിതാവിനെ കാണുന്നതിനും ഈ ക്രിസ്തുമസ് തിരുന്നാൾ സമ്മാനം കൈമാറുന്നതിനും അവസരമുണ്ടായിരിക്കും. ഇപ്രകാരം ലഭിക്കുന്ന തുകയുടെ കണക്ക് അടുത്ത് വരുന്ന ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുന്നതുമാണ്. നമുക്ക് ഹൃദയം തുറന്ന് ഈ ഉദ്യമത്തിൽ സഹകരിക്കാം.

*വികാരി ജനറാൾ*

# BISHOP'S DIARY

## നവംബർ

| | |
|---|---|
| 1 – 3 | തിരുവനന്തപുരം |
| 4 – 8 | പീച്ചി |
| 9 | കരിമ്പ |
| 11 – 12 | ധ്യാനം |
| 14 | തിരുവനന്തപുരം |
| 16 | കുഴിക്കാട്ടുശ്ശേരി |
| 17 | കൊടുങ്ങല്ലൂർ |
| 18 | വെട്ടിക്കൽ, കോലഞ്ചേരി |
| 19 | പട്ടം |
| 22 | നാലാഞ്ചിറ |
| 23 | തിരുവഴി |

## ഡിസംബർ

| | |
|---|---|
| 1 | ഏഴക്കരനാട് |
| 2 | വിജയപുരം |
| 3 | മൂവാറ്റുപുഴ |
| 4 – 6 | കെ.സി.ബി.സി |
| 7 | പുനലൂർ, തിരുവല്ല |
| 8 | പൊടിയാട്ടുവിള |
| 9 | കണ്ണൂർ |
| 10 | പയ്യന്നൂർ |
| 14 | പീച്ചി |
| 15 | അട്ടപ്പാടി, കരിമ്പ |
| 16 | പീച്ചി |
| 17 | തൃശൂർ |
| 18 | വെളിയനാട് |
| 21 | വെട്ടിക്കൽ |
| 25 | കത്തീഡ്രൽ |
| 26 | എറണാകുളം |
| 27 | കത്തീഡ്രൽ |
| 28 | മണ്ണാർക്കാട് |
| 29 | ചുവന്നമണ്ണ് |
| 30 | നീറാമുകൾ |
| 31 | മുക്കൂർ |

## ജനുവരി

| | |
|---|---|
| 1 – 2 | തിരുവനന്തപുരം |
| 3 | പത്തനാപുരം |
| 4 | പിറവം |
| 5 | കൊമ്പഴ |
| 6 | കളമശ്ശേരി |
| 7 | വടവാതൂർ |
| 9 | വെണ്ണിക്കുളം, തിരുവല്ല |
| 12 | പാമ്പാക്കുട, കാക്കനാട് |
| 14 | പൂന |
| 15 | വയലത്തല |
| 17 | പീച്ചി |
| 19 | വകയാർ |
| 24 | കരിമ്പ |
| 25 | കട്ടിലപ്പൂവം |
| 26 | കോങ്ങാട് |
| 30 | അഞ്ചൽപെട്ടി |

# ആദരാഞ്ജലികൾ...



# റവ. ഫാ. വർഗീസ് കുന്നുംപുറത്ത്

| | | |
|---|---|---|
| ജനനം | : | 22–12–1965 |
| പൗരോഹിത്യം | : | 08–04–1994 |
| മരണം | : | 29–10–2019 |

**ആചാര്യേശാ, മ്ശിഹാ, കൂദാ–ശകളർപ്പപിച്ചോ**
**രാചാര്യന്മാർക്കേകുക പുണ്യം, നാഥാ സ്തോത്രം**

## കുടുംബങ്ങളുടെ പ്രേഷിത...
## ഭാരതത്തിന്റെ അഭിമാനം...
## രൂപതാതിർത്തിക്കുള്ളിലെ വിശുദ്ധ...



## വി. മറിയം ത്രേസ്യ

| | | |
|---|---|---|
| ജനനം | - | 26 ഏപ്രിൽ 1876 |
| മരണം | - | 8 ജൂൺ 1926 |
| വിശുദ്ധ പദവി | - | 13 ഒക്ടോബർ 2019 |

*If undelivered, please return to:*
Editor, Vimalanadam, Vimalagiri Catholic Bishop's House
Vazhappilly, Mudavoor P.O., Muvattupuzha-686 669.